# കിലെ ന്യൂസ്

ജൂലൈ - സെപ്റ്റംബർ 2016

വാല്യം 1 ലക്കം 1




കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്
തിരുവനന്തപുരം - 695033

## പ്രസിദ്ധീകരണം പുരോഗമിക്കുന്നു

# ഞാനും എന്റെ തൊഴിൽ നിയമങ്ങളും

(സംസ്ഥാനത്തെ തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ഒരു കൈപുസ്തകം)



# പ്രതീക്ഷകളോടെ



ആയിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ടിൽ ആരംഭം കുറിച്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) കഴിഞ്ഞ 38 വർഷമായി സംസ്ഥാന തൊഴിൽ മേഖലയിൽ ശ്രദ്ധേയമായ പരിപാടികളുമായി സജീവമായി നിലകൊള്ളുകയാണ്.

ഈ സ്ഥാപനത്തെ ദേശീയ നിലവാരത്തിലേക്കുയർത്തുമെന്നും, "സെന്റർ ഓഫ് എക്സലൻസായി" മാറ്റുമെന്നും പ്രഖ്യാപിച്ചിരുന്നെങ്കിലും ഫലം കണ്ടിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് തൊഴിലും നൈപുണ്യവും വകുപ്പിന്റെ നേതൃത്വം ഏറ്റെടുത്ത് വിളിച്ചുകൂട്ടിയ യോഗത്തിൽ കിലെയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ദേശീയ നിലവാരത്തിലേക്കുയർത്തുമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ പറയുകയുണ്ടായത്. ഇക്കാര്യം സർക്കാർ തയ്യാറാക്കുന്ന കരട് തൊഴിൽ നയത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നത് പ്രതീക്ഷയ്ക്ക് വക നൽകുകയും ചെയ്യുന്നു.

സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ നേതൃത്വത്തിലേക്കുയർന്ന തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി കിലെയുടെ ജനറൽബോഡി അദ്ധ്യക്ഷൻ കൂടിയാണ്. അദ്ദേഹത്തിന്റെ നേതൃത്വപാടവവും, കാര്യശേഷിയും കിലെയുടെ ഉന്നമനത്തിന് മുതൽകൂട്ടാകുമെന്ന് അഭ്യുദയകാംക്ഷികളും, തൊഴിൽസമൂഹവും ഒന്നടങ്കം പ്രത്യാശയോടെ കാത്തിരിക്കുകയാണ്.

**വി. വീരകുമാർ**
എക്സിക്യൂട്ടീവ് ഡയറക്ടർ




**കിലെ ന്യൂസ്**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) പ്രസിദ്ധീകരണം
**വാല്യം** - ഒന്ന്
**ലക്കം** - ഒന്ന്
ജൂലൈ - സെപ്റ്റംബർ 2016

*രക്ഷാധികാരി*
**ടി. പി. രാമകൃഷ്ണൻ**
തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി
പ്രസിഡന്റ്, കിലെ

*മാനേജിംഗ് എഡിറ്റർ*
ചെയർമാൻ, കിലെ

*ചീഫ് എഡിറ്റർ*
**വി. വീരകുമാർ**
എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ

*എഡിറ്റർമാർ - ഇൻ ചാർജ്*
**കിരൺ ജെ. എൻ.**
സീനിയർ ഫെലോ, കിലെ
**കെ. ദിലീപ് കുമാർ**
ഫെലോ (ലേബർ), കിലെ
**വിജയ് വിൽസ്**
ഫെലോ (എംപ്ലോയ്മെന്റ്), കിലെ

*അസി. എഡിറ്റർ*
**ടി. എസ്. ജയലാൽ**
അക്കൗണ്ട്സ് അസിസ്റ്റന്റ്
*ലേ ഔട്ട് & കവർ ഡിസൈൻ*
**ദീപക് മൗത്താട്ടിൽ**
*ചിത്രങ്ങൾ*
**അരുൺ**

എഡിറ്റോറിയൽ സഹായം
ജിഷ എ.എസ്.
ജയശ്രീ എസ്.
ഉമാദേവി എസ്.
നസീജ എ.ആർ.

പ്രിന്റിംഗ്
സി - ആപ്റ്റ്
തിരുവനന്തപുരം - 13




7 കിലെയുടെ നേതൃത്വം
പുതിയ കൈകളിൽ



9 കിലെ -
അടുത്ത ഒരു വർഷം



12 തൊഴിലാളികൾക്ക്
ഉപജീവനക്ഷമമായ
വേതനം ഉറപ്പാക്കണം
വി. വീരകുമാർ

17 ബാലവേല (നിരോധനവും നിയന്ത്രണവും) ഭേദഗതി നിയമം, 2016 – ഒരെത്തിനോട്ടം
കെ. ദിലീപ്കുമാർ



19 എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കുന്ന **സ്വയം തൊഴിൽ പദ്ധതികൾ**
വിജയ് വിൽസ്



22 കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ബാധകമാകുന്ന **പ്രധാന തൊഴിൽ നിയമങ്ങൾ**

29 കിലെയുടെ **പ്രധാന പരിപാടികൾ**



നേതൃത്വ വികസന പരിശീലന പരിപാടി
കോഴിക്കോട് ജില്ല

30 തൊഴിൽജന്യ രോഗങ്ങളും പരിഹാര മാർഗ്ഗങ്ങളും
കണ്ണൂർ ജില്ല



ചെറുകഥ

വിശപ്പും നിയമവും ..... 36
അറിയാതെ ................ 40
നടുവിൽ അയാൾ ...... 42


കവിത

വിളവെടുപ്പ് ............... 38
പരദേശി .................... 39
യാത്രാമൊഴി .............. 41

പംക്തി

വാർത്തകളിലൂടെ ....... 44

# മുന്നോട്ട്




പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായി 2016 മെയ് 25 ന്
ഗവർണർ ജസ്റ്റിസ് പി. സദാശിവം മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു.



മുഖ്യമന്ത്രി പിണറായി വിജയനും മറ്റ് മന്ത്രിമാരും സത്യപ്രതിജ്ഞാ ചടങ്ങിനുശേഷം
ഗവർണർ ജസ്റ്റിസ് പി. സദാശിവത്തോടൊപ്പം.


# കിലെയുടെ നേതൃത്വം പുതിയ കൈകളിൽ



**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലായ്മെന്റ് (കിലെ)യുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ പ്രകാരം തൊഴിൽ വകുപ്പ് മന്ത്രി കിലെയുടെ ജനറൽ ബോഡി അദ്ധ്യക്ഷൻ (പ്രസിഡന്റ്) ആകുന്നതാണ്. ഇതനുസരിച്ച് കിലെയുടെ ജനറൽ ബോഡി അദ്ധ്യക്ഷനായി തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ടി. പി. രാമകൃ ഷ്ണൻ കിലെയുടെ നേതൃത്വ സ്ഥാനം ഏറ്റെടുത്തിരിക്കുന്നു.**

2016 മേയ് 25 നു കേരളത്തിൽ പുതിയ സർക്കാർ നിലവിൽ വരുകയും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയായി ടി.പി. രാമകൃഷ്ണൻ ചുമതലയേൽക്കുകയും ചെയ്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലായ്മെന്റ് (കിലെ) യുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ പ്രകാരം തൊഴിൽ വകുപ്പ് മന്ത്രി കിലെയുടെ ജനറൽബോഡി അദ്ധ്യക്ഷൻ (പ്രസിഡന്റ്) ആകുന്നതാണ്. ഇതനുസരിച്ച് കിലെയുടെ ജനറൽബോഡി അദ്ധ്യക്ഷനായി തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ടി. പി. രാമകൃഷ്ണൻ കിലെയുടെ നേതൃത്വ സ്ഥാനം ഏറ്റെടുത്തിരിക്കുന്നു.

കൊയിലാണ്ടി നമ്പ്രത്തുകര ഉണ്ണിച്ചിറാം വീട്ടിൽ പരേതനായ ശങ്കരന്റേയും,മാണിക്യത്തിന്റേയും മകനായി ജനിച്ച ടി.പി. രാമകൃഷ്ണൻ മുതുക്കാട്ടിലെ തോട്ടം തൊഴിലാളികളേയും, കോഴിക്കോട്ടെ




ഗവർണർ ജസ്റ്റിസ് പി. സദാശിവം മുമ്പാകെ ടി.പി. രാമകൃഷ്ണൻ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു.

ചുമട്, മോട്ടോർ തൊഴിലാളികളേയും, കൊയിലാണ്ടിയിലെ ചെത്തുതൊഴിലാളികളേയും നയിച്ച അനുഭവസമ്പത്തുമായാണ് തൊഴിൽ വകുപ്പിന്റെ നേതൃസ്ഥാനത്തെത്തിയിരിക്കുന്നത്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തന രംഗത്തെത്തിയ ടി.പി. രാമകൃഷ്ണൻ 1970 ലെ എസ്.എഫ്.ഐ. രൂപീകരണസമ്മേളനത്തിൽ പങ്കെടുക്കുകയും കൊയിലാണ്ടി താലൂക്ക് സെക്രട്ടറിയുമായി. 1968 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) അംഗമായ ടി. പി. 1972 ൽ കീഴരിയൂർ മിച്ചഭൂമി സമര നായകനുമായി. 1972 മുതൽ പേരാമ്പ്ര എസ്റ്റേറ്റ് ലേബർ യൂണിയൻ സെക്രട്ടറി, 18 വർഷം സെക്രട്ടറിയും പ്രസിഡന്റുമായി മുതുക്കാട്ടിലും ചക്കിട്ടപ്പാറയിലും തോട്ടം തൊഴിലാളികൾക്കൊപ്പമായിരുന്നു. ജന്മദേശമായ കീഴരിയൂരിൽ നിന്നും ചക്കിട്ടപ്പാറയിലേക്ക് താമസം മാറുന്നത് ഇക്കാലത്താണ്.

അടിയന്തരാവസ്ഥയിൽ ഫെബ്രുവരി 25 നു പേരാമ്പ്രയിൽ അറസ്റ്റിലായി 14 ദിവസം പേരാമ്പ്രയിൽ ലോക്കപ്പിലും മൂന്നുമാസം കോഴിക്കോട് ജില്ലാ ജയിലിൽ തടവിലുമായിരുന്നു. ഇക്കാലത്ത് കക്കയം പോലീസ് ക്യാമ്പിൽ കൊടിയ മർദ്ദനത്തിനു അദ്ദേഹം വിധേയനായിരുന്നു. തുടർന്നിങ്ങോട്ട് ട്രേഡ് യൂണിയൻ, രാഷ്ട്രീയ പ്രവർത്തനം. 2004 ൽ സി.പി.ഐ.(എം) കോഴിക്കോട് ജില്ലാ സെക്രട്ടറിയായ അദ്ദേഹം പത്തുവർഷം ജില്ലയിൽ പാർട്ടിക്ക് നേതൃത്വം നൽകി. നിലവിൽ പാർട്ടി സെക്രട്ടേറിയേറ്റംഗവും, സി.ഐ.റ്റി.യു. സ്റ്റേറ്റ് വൈസ് പ്രസിഡന്റും, ദേശീയ വർക്കിംഗ് കമ്മിറ്റി അംഗവുമാണ്. കൊയിലാണ്ടി താലൂക്ക് ചെത്തുതൊഴിലാളി യൂണിയൻ, ജില്ലാ മദ്യവ്യവസായ യൂണിയൻ എന്നിവയുടെ പ്രസിഡന്റുമായിരുന്നു.

**അടിയന്തിരാവസ്ഥയിൽ ഫെബ്രുവരി 25 നു പേരാമ്പ്രയിൽ അറസ്റ്റിലായി 14 ദിവസം പേരാമ്പ്രയിൽ ലോക്കപ്പിലും മൂന്നുമാസം കോഴിക്കോട് ജില്ലാ ജയിലിലുമായിരുന്നു. തുടർന്നിങ്ങോട്ട് ട്രേഡ് യൂണിയൻ രാഷ്ട്രീയ പ്രവർത്തനം.**

കോഴിക്കോട് സർവകലാശാല സെനറ്റംഗം, പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്റ്റർ ബോർഡംഗം, ടെക്സ്ഫെഡ് ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. വളരെക്കാലം കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലും അംഗമായിരുന്നു.

സി.പി.ഐ.(എം) കോഴിക്കോട് ജില്ലാ കമ്മിറ്റിയംഗവും ജനാധിപത്യ മഹിളാ അസ്സോസിയേഷൻ, കോഴിക്കോട് ജില്ലാ സെക്രട്ടറിയുമായ എം.കെ.നളിനിയാണ് ഭാര്യ. ഇവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.

കടപ്പാട്: ദേശാഭിമാനി ദിനപ്പത്രം

# കിലെ – അടുത്ത ഒരു വർഷം

തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) മുപ്പത്തിയേഴ് വർഷത്തിലേറെയായി തൊഴിൽ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. 1978 ൽ അന്നത്തെ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. കിലെയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ പ്രകാരം തൊഴിൽ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരിക്കും കിലെയുടെ ജനറൽബോഡി അദ്ധ്യക്ഷൻ. നിലവിൽ മന്ത്രി ടി. പി. രാമകൃഷ്ണനാണ് കിലെ ജനറൽബോഡി അദ്ധ്യക്ഷൻ. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിലെയുടെ ജനറൽബോഡിയുടേയും അതിനു താഴെ പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് കൗൺസിലിന്റേയും പുനസംഘടനാ നടപടികൾ പുരോഗമിച്ചു വരുകയാണ്.

കേരളത്തിലെ തൊഴിൽ മേഖലയേയും ബന്ധപ്പെട്ട വിഷയങ്ങളേയും അടിസ്ഥാനമാക്കി വിദ്യാഭ്യാസം, പരിശീലനം, ശില്പശാല, സെമിനാർ, ഗവേഷണം, പ്രസിദ്ധീകരണം തുടങ്ങിയവ നടത്തുകയെന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നത്.

തൊഴിൽമേഖലയിൽ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവർക്ക് പരിശീലനം, ശില്പശാല, സെമിനാർ എന്നിവ നൽകുക എന്നത് കിലെയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതിലേയ്ക്ക് ചുവടെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകിച്ചും കൂട്ടായും പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

- തൊഴിലാളികൾ, തൊഴിലാളി സംഘടനകൾ
- തൊഴിലുടമ, തൊഴിലുടമാസംഘടനകൾ
- ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർ
- തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥർ
- തൊഴിൽ വകുപ്പിലേയും എംപ്ലോയ്മെന്റ് വകുപ്പിലേയും, ക്ഷേമനിധി ബോർഡുകളിലേയും ഉദ്യോഗസ്ഥർ
- പരിപാടികളുമായി ബന്ധപ്പെട്ട മേഖലയിലെ തൊഴിലാളി, തൊഴിലുടമ, ഉദ്യോഗസ്ഥ പ്രതിനിധികൾ മുതലായവർ

കിലെ എക്സിക്യൂട്ടീവ് കൗൺസിലും, തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ജനറൽ ബോഡിയും അംഗീകരിച്ച് കിലെയുടെ വാർഷിക ബഡ്ജറ്റിലുൾപ്പെടുത്തി സർക്കാരിൽ സമർപ്പിക്കുന്ന വാർഷിക കലണ്ടർ പ്രകാരമാണ് ഇവ നടപ്പിലാക്കിവരുന്നത്.

പ്രത്യേക സാഹചര്യത്തിൽ എക്സിക്യൂട്ടീവ് കൗൺസിൽ നിർദ്ദേശിക്കുന്നതും സർക്കാർ / വകുപ്പ് അദ്ധ്യക്ഷന്മാർ ആവശ്യപ്പെടുന്നതുമായ പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. തൊഴിൽ മേഖലാടിസ്ഥാനത്തിലും, വിഷയങ്ങളുടെ അടിസ്ഥാനത്തിലും ജില്ല തിരിച്ചും മേഖല തിരിച്ചും പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

## ഇപ്പോൾ നടത്തിവരുന്ന പ്രധാന പരിപാടികൾ

### 1. തൊഴിലാളികൾക്കും, തൊഴിലാളി സംഘടനകൾക്കും നടത്തുന്നവ

- നേതൃത്വ വികസന ശില്പശാലകൾ
- വ്യക്തിത്വ വികസന ശില്പശാലകൾ
- വിവരാവകാശ നിയമം, മനുഷ്യാവകാശ സംരക്ഷണം, സാമൂഹികസുരക്ഷാ പദ്ധതികൾ, മയക്ക്മരുന്ന് ദുരുപയോഗവും മദ്യപാനവും സെമിനാറുകൾ
- തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണം
- സ്ത്രീ തൊഴിലാളികൾക്കായുള്ള നേതൃത്വവികസന ശില്പശാലകൾ

- സ്ത്രീ തൊഴിലാളികൾക്കായുള്ള തൊഴിൽനിയമ പരിരക്ഷ ബോധവൽക്കരണം തുടങ്ങിയവ

## 2. തൊഴിൽ മേഖലാടിസ്ഥാനത്തിൽ നടത്തുന്നവ

- തൊഴിൽജന്യ രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും ശില്പശാല
- തൊഴിലും മാനസിക സംഘർഷവും ശില്പശാല
- നിർമ്മാണ വ്യവസായത്തിലെ സുരക്ഷ സെമിനാർ
- സുരക്ഷിതമായ ഡ്രൈവിംഗ് സെമിനാർ
- തൊഴിൽ മേഖല അടിസ്ഥാനത്തിൽ ബാധകമായ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണം
- ഇതരസംസ്ഥാന തൊഴിലാളികൾക്കായുള്ള ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പും
- സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള കരിയർ ഗൈഡൻസ് ബോധവൽക്കരണം
- സ്ത്രി തൊഴിലാളികൾക്കായുള്ള പ്രത്യേക തൊഴിൽ സുരക്ഷാ പദ്ധതികൾ/വ്യവസ്ഥകൾ തുടങ്ങിയവ

## 3. പ്രത്യേക പരിപാടികൾ

- ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കായുള്ള തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച ശില്പശാല
- ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംഘടിപ്പിക്കുന്ന അവകാശരഥം
- ബാലാവകാശങ്ങളും ചൂഷണവും
- വ്യവസായത്തിലെ വെല്ലുവിളികളും പരിഹാരമാർഗങ്ങളും
- തൊഴിലാളികളുടെ മക്കൾക്കായുള്ള കരിയർ ഗൈഡൻസ്
- ഉൽപ്പാദനക്ഷമതയും വ്യവസായങ്ങളും ബോധവൽക്കരണ സെമിനാറുകൾ തുടങ്ങിയവ

കിലെയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സേവനം കൂടുതൽ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും കർഷകതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കയർ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, കടകളും വാണിജ്യസ്ഥാപനങ്ങളിലേയും തൊഴിലാളികൾ, പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പാചക തൊഴിലാളികൾ, പ്രസ്സ്തൊഴിലാളികൾ, മോട്ടോർവാഹന തൊഴിലാളികൾ, സ്വകാര്യസ്കൂളുകളിലെ ജീവനക്കാർ മറ്റ് അസംഘടിതമേഖലയിലെ തൊഴിലാളികൾ എന്നിവർക്കായി മേഖല തിരിച്ചുള്ള പ്രത്യേക പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നതിനായി കിലെ ലക്ഷ്യമിടുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംഘടിപ്പിക്കുന്ന ബോധവൽക്കരണത്തിനും മെഡിക്കൽ ക്യാമ്പുകൾക്കുമായുള്ള 'അവകാശരഥം' ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ബോധവൽക്കരണ 'വിജ്ഞാനരഥം' എന്നീ വാഹന പ്രചരണ സംരംഭവും നടത്തുന്നതിനുദ്ദേശിക്കുന്നുണ്ട്..



ഇതരസംസ്ഥാന തൊഴിലാളികൾക്കായി തിരുവല്ലയിൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ ഒരു ദൃശ്യം

## 4. പ്രസിദ്ധീകരണങ്ങൾ

കിലെയുടെ പ്രവർത്തനങ്ങളിൽ മുഖ്യമായ ഒരിനമാണ് പ്രസിദ്ധീകരണങ്ങൾ. കിലെ ന്യൂസ് എന്ന ഇംഗ്ലീഷിലുള്ള ത്രൈമാസിക, തൊഴിൽ നിയമങ്ങൾ സാധാരണക്കാർക്ക് അനായാസം മനസ്സിലാക്കാവുന്ന തരത്തിൽ തയാറാക്കുന്ന മലയാള കൈപുസ്തകങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെ ഒരു ഏകീകരണ പ്രസിദ്ധീകരണം (മാനുവൽ ഓഫ് ലേബർ ലാസ്) എന്നിവ ഇതിലുൾപ്പെടുന്നു. ചുമട്ടുതൊഴിലാളി നിയമം, പ്രോവിഡന്റ് ഫണ്ട് നിയമവും പദ്ധതികളും, തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ, തൊഴിൽവകുപ്പ് ഉപയോഗിക്കുന്ന വാക്കുകളുടെ ഒരു മലയാള പദകോശം എന്നിവ ഇതിനകം പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്തു വരുന്നു. മറ്റ്







നിയമങ്ങളുടെ പ്രസിദ്ധീകരണ നടപടികൾ പുരോഗമിച്ച് വരുകയുമാണ്.

ഇതിനുപുറമേ, തൊഴിലാളികളുടേയും തൊഴിലാളി സംഘടനകളുടേയും നിരന്തരമായ ആവശ്യപ്രകാരം കിലെ ന്യൂസ് മലയാളത്തിലും പ്രസിദ്ധീകരിയ്ക്കാൻ കിലെ നടപടി സ്വീകരിച്ചിട്ടുണ്ട്. കിലെയുടെ അഭ്യുദയകാംക്ഷികൾക്കുള്ള ഓണസമ്മാനമായി ആദ്യപതിപ്പ് 2016 സെപ്തംബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

## 5. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന പരീക്ഷകൾ എഴുതുന്നതിനുള്ള ഒരാഴ്ച നീണ്ട് നിൽക്കുന്ന പരിശീലന പരിപാടി

തൊഴിലാളികളുടെ ആശ്രിതർക്കായി ഒരു പ്രഥമ സംരംഭമെന്ന നിലയിൽ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന പരീക്ഷകൾ എഴുതുന്നതിനുള്ള ഒരാഴ്ച നീണ്ട് നിൽക്കുന്ന ഒരു പരിശീലന പരിപാടി തിരുവനന്തപുരത്തുവച്ച് സംഘടിപ്പിക്കുന്നതിനും കിലെ ഉദ്ദേശിക്കുന്നുണ്ട്.

## 6. തൊഴിലാളികൾക്കായി വ്യാവസായിക പഠന വിനോദ യാത്ര

വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്കായി മറ്റ് സംസ്ഥാനങ്ങളിലെ വ്യവസായങ്ങളിലെ പ്രവർത്തന മികവിനെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും അറിവ് നൽകുന്നതിലേക്കായി വ്യാവസായിക പഠന വിനോദ യാത്രകൾ സംഘടിപ്പിക്കുന്നതിനും കിലെ ഉദ്ദേശിക്കുന്നു.

## 7. കിലെ പുതിയ ആസ്ഥാനത്തേക്ക് പ്രവർത്തനം മാറ്റും

തൊഴിൽ ഭവനിൽ കിലേയ്ക്കു ലഭിച്ചിട്ടുള്ള സ്ഥലത്ത് ഓഫീസ് സജ്ജീകരണ നടപടികൾ പുരോഗമിച്ചു വരുന്നു. ചില സാങ്കേതിക തടസ്സങ്ങൾ കാരണം പുതിയ സ്ഥലത്തേയ്ക്കുള്ള മാറ്റത്തിന് കാലതാമസം നേരിട്ടുവെങ്കിലും അടുത്ത രണ്ടുമാസത്തിനകം കിലെയുടെ പ്രവർത്തനം പുതിയ ഓഫീസിലേയ്ക്ക് മാറുന്നതാണ്.

## 8. കിലെയുടെ പ്രവർത്തനം കൂടുതൽ ആൾക്കാരിലേക്ക് എത്തിക്കുന്നതിലേയ്ക്കുള്ള പ്രത്യേക ലക്ഷ്യം

നിലവിലെ കിലെയുടെ പരമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രതിവർഷം പരമാവധി 3500 പേർക്കാണ് പരിശീലനം, ശില്പശാല, ബോധവൽക്കരണം, സെമിനാർ എന്നിവയുടെ പ്രയോജനം നൽകുവാൻ കഴിയുന്നത്. എന്നാൽ, കോഴിക്കോട്, വയനാട് ജില്ലകൾക്കും, കണ്ണൂർ, കാസർകോട് ജില്ലകൾക്കും ഒരാൾ വീതവും മറ്റ് ജില്ലകൾക്ക് ഓരോരുത്തർ വീതവും നിയമിച്ച് ജില്ലാ ലേബർ ആഫീസുകളുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുന്നതിനും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം ഇപ്രകാരം നിയമിച്ചിട്ടുള്ള തരത്തിൽ നിയമിക്കുന്നതിനും കൂടാതെ, കിലെയുടെ ആഫീസിൽ മൂന്നുപേരെക്കൂടി ക്ലറിക്കൽ തസ്തികയിൽ ദിവസ വേതനത്തിലും നിയമിക്കുന്നതിന് സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് അംഗീകരിക്കുന്ന പക്ഷം പ്രതിമാസം ഒരു ജില്ലയിൽ കുറഞ്ഞത് അഞ്ച് പ്രോഗ്രാമെന്ന നിലയിൽ ഒരു വർഷം അറുപത് പ്രോഗ്രാം ശരാശരി അറുപത്പേരെ പങ്കെടുപ്പിച്ച് 45000 ത്തോളം ആൾക്കാരിലേക്ക് എത്തുന്നതിന് കിലെ ലക്ഷ്യമിടുന്നുണ്ട്.

ഇതിനുപുറമേ, കിലേയെ ദേശീയ നിലവാരത്തിലുള്ള സ്ഥാപനമാക്കുന്നതിനുള്ള ശുപാർശയും സർക്കാർ പരിഗണനയ്ക്കായി നൽകിയിരിക്കുകയാണ്.



# തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പാക്കണം

**വി. വീരകുമാർ**
എക്സിക്യൂട്ടീവ് ഡയറക്ടർ

പണിയെടുക്കുന്ന തൊഴിലാളികളുടെ മുഖ്യ ആവശ്യമാണ് ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം ലഭിക്കുകയെന്നത്. പലപ്പോഴും തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നതിനുപോലും സമരത്തിന്റെ പാത സ്വീകരിക്കേണ്ടിവരുന്നു. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളുടെ ഭാഗമായ 43-ാം അനുഛേദത്തിൽ വിഭാവനം ചെയ്യുന്നത് കാർഷിക, വ്യാവസായിക തൊഴിലാളികൾ ഉൾപ്പടെയുള്ള എല്ലാ തൊഴിലാളികൾക്കും ഉപജീവനക്ഷമമായ വേതനം പ്രദാനം ചെയ്യുകയെന്നതാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യത്യസ്ത വേതന സംവിധാനങ്ങളുടെ വെളിച്ചത്തിൽ തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം പ്രാപ്തമാക്കുകയെന്ന ലക്ഷ്യം വിലയിരുത്തുകയാണിവിടെ.

1963 – ൽ The Hindustan Times Ltd. v. Their Workmen (1963) I LLJ 108 എന്ന കേസ്സിന്റെ പരിഗണനവേളയിൽ ജസ്റ്റിസ് ഗുപ്ത പ്രതിപാദിക്കുകയുണ്ടായി, മിനിമം വേജസ് , ഫെയർ വേജസ്, ലിവിങ്ങ് വേജസ് എന്നതിനെ ഒരു ഏണിയുടെ മൂന്ന് തട്ടുകളായി സങ്കൽപ്പിച്ചാൽ ലിവിങ്ങ് വേജസ് എന്നത് ഏറ്റവും മുകളിലത്തേതും, മിനിമം വേതനമെന്നത് ഏറ്റവും താഴത്തേതും ഫെയർ വേജസ് എന്നത് മദ്ധ്യത്തിലേതുമെന്നാണ്. തൊഴിലാളികൾക്ക് ലിവിങ്ങ് വേജസ് നൽകുന്ന ഒരു വേതന നിർണയം നടത്തുന്നതിന് വ്യാവസായിക അഡ്ജൂഡിക്കേഷന് സന്തോഷമാണെങ്കിലും സാമ്പത്തിക പരിഗണനകൾ ഇത് ഭാവിയിലേയ്ക്കുള്ള ഒരു സ്വപ്നമായി മാറ്റുന്നു.

അതുകൊണ്ട് ഈ രാജ്യത്തെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾ സാധാരണഗതിയിൽ അവരുടെ ചക്രവാളം ന്യായമായ വേതനം നിശ്ചയിക്കുന്നതിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

സാമ്പത്തികമായി പുരോഗമിച്ചിട്ടുള്ള എല്ലാ രാജ്യത്തിലും വേതന നിർണയത്തെ നിയമപരമായോ അല്ലാതെയോ സ്വാധീനിച്ചിട്ടുള്ള ഉപജീവനക്ഷമമായ വേതനം എന്ന സങ്കല്പം വളരെ പഴക്കംചെന്നതും പ്രത്യേകം പ്രതിപാദിച്ചിട്ടുള്ളതുമാണ്. ഒരു തൊഴിലാളിക്ക് അയാളുടെ ഏറ്റവും മികച്ച കാര്യശേഷി നിലനിർത്തുന്നതിനും അയാളുടെ കുടുംബത്തിന്റെ ആരോഗ്യത്തിനും, ശാരീരിക മേന്മക്കും ആവശ്യമായ എല്ലാ ഭൗതികവസ്തുക്കളും നൽകുന്നതിന് സഹായിക്കുന്നതും അയാളെ ഒരു പൗരന്റേതായ ചുമതലകൾ നിർവഹിക്കുവാൻ യോഗ്യനാക്കുകയും ചെയ്യുന്ന ഒരു വേതനം ഉണ്ടാകണമെന്ന ഉദ്ദേശമാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നതെന്ന്, പ്രമുഖ സോഷ്യലിസ്റ്റ് സ്റ്റോഡൻ തന്റെ “ദി ലിവിങ്ങ് വേജസ് ” എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

1919-ൽ രൂപീകൃതമായ അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ഐ.എൽ.ഒ.) ഭരണഘടനയും തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം നിർണയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു.

തൊഴിൽ നിയമങ്ങൾ ഒത്തുതീർപ്പാക്കുന്നതിന്റെയും, തൊഴിലാളികൾക്ക് മിനിമം വേതനം നൽകി ചൂഷണമില്ലാതാക്കുന്നതിനുമുള്ള പരീക്ഷണവുമെന്ന നിലയ്ക്ക് ആസ്ത്രേലിയായിലും, ന്യൂസിലാന്റിലുമാണ് മിനിമം വേതനമെന്ന സംരംഭത്തിന് ആരംഭം കുറിച്ചത്. 1894 -ലെ ന്യൂസിലാന്റിലെ നിയമവും 1896-ലെ ആസ്ത്രേലിയായിലെ വിക്ടോറിയ സംസ്ഥാനത്ത് രൂപം നൽകിയ നിയമങ്ങളുമാണ് ഇതിലേക്കുള്ള ആദ്യ പരിശ്രമമായി കണക്കാക്കുന്നത്. തുടർന്ന്, ബ്രിട്ടീഷ് പാർലമെന്റ് സ്വീകരിച്ച പല നിയമ നിർമാണവും ഇതിന്റെ പിൻതുടർച്ചയായി കണക്കാക്കുന്നു.

ഇന്ത്യയുൾപ്പടെ വിവിധ രാജ്യങ്ങളിൽ മിനിമം വേതനം നിർണയിക്കുന്നതിനെ കാര്യമായി സ്വാധീനിച്ച വളരെ പ്രധാനപ്പെട്ട ഉടമ്പടിയാണ് 1928-ലെ അന്താരാഷ്ട്ര കൺവെൻഷൻ (The Convention on Minimum Wages Fixing Machinery, 1928). 1948 – ലെ അന്താരാഷ്ട്ര മനുഷ്യാവകാശ ഉടമ്പടിയിലെ അനുച്ഛേദം 23 -ലും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളെ പ്രതിപാദിക്കുന്ന നിർണായക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ രൂപീകരണത്തോടും, തൊഴിലാളി സംഘടനകളുടെ ആവീർഭാവത്തോടും കൂടി 1921-ലാണ് മിനിമം വേതനം നിർണയിക്കുന്നതിന് ഒരു സംവിധാനം ആരംഭിക്കണമെന്ന ഔപചാരികമായ ആവശ്യം ഉയർന്ന് വന്നത്. ഓരോ വ്യവസായത്തിലും മിനിമം വേതനം നിർണയിക്കുന്നതിനായി എത്രയും വേഗം വ്യവസായ ബോർഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥകളുമായി ബംഗാൾ ലെജിസ്ലേറ്റീവ് കൗൺസിലിൽ ഒരു പ്രമേയം കൊണ്ടുവന്നുവെങ്കിലും, നിയമപരമായ ഒരു സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ തയാറാകാത്ത സാഹചര്യത്തിൽ, പ്രസ്തുത പ്രമേയം പരാജയപ്പെടുകയുണ്ടായി. 1943-ൽ സ്റ്റാന്റിംഗ് ലേബർ കമ്മിറ്റിയിലും ഇന്ത്യൻ ലേബർ കോൺഫറൻസിലും ഒരു മിനിമം വേതന നിയമത്തെപ്പറ്റി ചർച്ച ചെയ്യപ്പെടുകയും ഒരു കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ഇതിന് മുമ്പു തന്നെ 1929-ലെ ഇന്ത്യൻ ട്രേഡ് ഡിസ്പ്യൂട്ട് നിയമവും, 1936-ലെ വേതനം നൽകൽ നിയമവും , 1947 -ലെ തൊഴിൽ തർക്ക നിയമവും ഈ ലക്ഷ്യത്തിലേക്കുള്ള പാത തുറന്നിരുന്നു. 1944-ൽ നടന്ന സ്റ്റാൻഡിംഗ് ലേബർ കമ്മിറ്റിയിലും ഇന്ത്യൻ ലേബർ കോൺഫറൻസിലും ഇത്തരമൊരു നിയമത്തെപ്പറ്റി ചർച്ച ചെയ്യപ്പെടുകയും, 1945-ലെ കോൺഫറൻസിലൊരു കരട് ബിൽ അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിൽ 1946 ഏപ്രിലിൽ കേന്ദ്ര ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അവതരിപ്പിക്കുകയും 1948 മാർച്ചിൽ പാസ്സാക്കി 15.03.1948 മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

> **1943-ൽ സ്റ്റാന്റിംഗ് ലേബർ കമ്മിറ്റിയിലും ഇന്ത്യൻ ലേബർ കോൺഫറൻസിലും ഒരു മിനിമം വേതന നിയമത്തെ പ്പറ്റി ചർച്ചചെയ്യപ്പെടുകയും ഒരു കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ഇതിനുമുമ്പു തന്നെ 1929-ലെ ഇന്ത്യൻ ട്രേഡ് ഡിസ്പ്യൂട്ട് നിയമവും, 1936-ലെ വേതനം നൽകൽ നിയമവും, 1947 -ലെ തൊഴിൽതർക്ക നിയമവും ഈ ലക്ഷ്യത്തിലേയ്ക്കുള്ള പാത തുറന്നിരുന്നു.**

തൊഴിലുടമകളോട് വിലപേശാൻ കഴിയാത്ത തൊഴിലാളികൾക്ക് അവരുടെ നേട്ടത്തിനും ചൂഷണം തടയുന്നതിനും ഒരു മിനിമം വേതനം നിശ്ചയിക്കണമെന്നത് അന്താരാഷ്ട്രീയമായി അംഗീകരിക്കപ്പെട്ട ഒരു തത്വമാണ്. ഒന്നാം ദേശീയ ലേബർ കമ്മിഷന്റെ (1969) മിനിമം വേതന നയം സംഘടിത വ്യവസായങ്ങളേയും, അദ്ധ്വാനഭാരമേറിയ വ്യവസായങ്ങളേയും (Sweated Industries) തമ്മിൽ വേർതിരിച്ചിരുന്നു. ഇതിൽ അദ്ധ്വാനഭാരമേറിയ വ്യവസായങ്ങളിലെ തൊഴിലാളികളുടെ താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണമാണ് 1948-ലെ മിനിമം വേതന നിയമം. ഇന്ത്യൻ തൊഴിൽ നിയമങ്ങളുടെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ് മിനിമം കൂലി നിയമത്തിന്റെ പ്രഖ്യാപനം. അനുചിതമായി തുച്ഛമായ വേതനം നൽകി തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുകയെന്ന ഉദ്ദേശത്തോടെയാണ് ഈ നിയമം പാസ്സാക്കിയത്. ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി സർക്കാർ നിശ്ചയിക്കുന്ന വേതനത്തെയാണ് മിനിമം വേതനം എന്ന് പറയുന്നത്.

ഒരു തൊഴിലാളിയ്ക്ക് മിനിമം വേതനമെന്നത് അയാളുടെ മൗലികാവകാശമാണെന്നും അത് നൽകാതിരുന്നാൽ, ഭരണഘടനയിലെ അനുഛേദം 23 – ലെ നിർബന്ധിത തൊഴിൽ (അടിമപ്പണി) ആണെന്നും കോടതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. Peoples Union for Democratic Rights v. Union of India, AIR 1982 SC1473 എന്ന കേസ്സിൽ സുപ്രീം കോടതിയുടെ പ്രഖ്യാപനം വളരെ പ്രധാനമാണ്. ഒരാൾ ചെയ്യുന്ന ജോലിക്കോ, സേവനത്തിനോ അയാൾക്ക് മിനിമം വേതനം ലഭിക്കാൻ നിയമപ്രകാരം അർഹതയുണ്ടെന്ന് മനസ്സിലാക്കിയാൽ ആരും തന്നെ സമ്മതത്തോടെ മറ്റൊരാളിനുവേണ്ടി പ്രസ്തുത വേതനത്തിന് താഴെ പണിയെടുക്കുകയോ, സേവനം ചെയ്യുകയോ ചെയ്യില്ലായെന്നത് വളരെ വ്യക്തമാണെന്നും അതുകൊണ്ട് മിനിമം വേതനത്തിനു താഴെയുള്ള പ്രതിഫലത്തിന് ഒരു വ്യക്തി മറ്റൊരാൾക്കുവേണ്ടി പണിയെടുക്കുകയോ സേവനം ചെയ്യുകയോ ചെയ്യുകയാണെങ്കിൽ അത്, അയാൾ എന്തെങ്കിലും സമ്മർദ്ദത്തിനു വഴങ്ങി ചെയ്യുന്നതാണെന്നും അതുകൊണ്ട് അയാൾ ചെയ്യുന്ന ജോലിയോ, സേവനമോ അനുഛേദം 23 -ലെ, നിർബന്ധിത തൊഴിൽ ആണെന്നും അത് അയാളുടെ മൗലികാവകാശത്തിന്റെ ലംഘനമാണെന്നും പ്രതിപാദിച്ചിരിക്കുന്നു.

ഒരു തൊഴിലാളിയെ പണിയെടുപ്പിക്കുമ്പോൾ മിനിമം വേതനം നൽകിയിരിക്കണമെന്ന വ്യവസ്ഥ, കച്ചവടമോ, വ്യവസായമോ നടത്തുന്നതിനുള്ള തൊഴിലുടമയുടെ അവകാശത്തേയും മിനിമം വേതനത്തിനു താഴെ പണിയെടുക്കാൻ പാടില്ലായെന്ന വ്യവസ്ഥ തൊഴിലാളികളുടെ ജോലി ചെയ്യുന്നതിനുള്ള അവകാശത്തേയും തടയുന്നതാണെന്ന വാദമുയർത്തി ഈ നിയമത്തിന്റെ ഭര



> മിനിമം വേതനം എന്നത് വെറും ജീവിതനിലനിൽപ്പ് ഉറപ്പാക്കാൻ മാത്രമല്ല വിദ്യാഭ്യാസവും ചികിൽസാ സൗകര്യങ്ങളും നൽകി തൊഴിലാളികളുടെ കഴിവ് നിലനിർത്തുന്നതിനും കൂടിയുള്ളതാണ്.

ണഘടനാ സാധുത ചോദ്യം ചെയ്ത വേളയിൽ ബഹു. സുപ്രീം കോടതി പറഞ്ഞത്, തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും, തൊഴിലുടമകളുടെ ചൂഷണം തടയുന്നതിനും ചില നിയന്ത്രണങ്ങൾ നിർബന്ധമാക്കേണ്ടത് ആവശ്യമാണെന്നും അത്തരം നിയന്ത്രണങ്ങൾ യുക്തിരഹിതമാണെന്ന് പറയാൻ കഴിയില്ലായെന്നുമാണ് . (Bijoy Cotton Mills Ltd.v. State of Ajmer, 1958 I LLJ 129)

തൊഴിലില്ലായ്മയുടെ പ്രശ്നങ്ങൾ വൻതോതിൽ അഭിമുഖീകരിക്കുന്ന നമ്മുടേതുപോലുള്ള ഒരു വികസ്വര രാജ്യത്തിൽ തൊഴിലാളികൾ പട്ടിണി വേതനത്തിന് ('Starvation Wages') ജോലി ചെയ്തേക്കാമെന്നും അതുകൊണ്ട് പൊതുതാൽപര്യം കണക്കിലെടുത്ത് അത്തരം ചൂഷണം തടയുന്നതിലേക്കായി മിനിമം വേതനം നിശ്ചയിക്കുമ്പോൾ തൊഴിലുടമയുടെ സാമ്പത്തിക ശേഷി പരിഗണിക്കേണ്ടതില്ലായെന്നും സുപ്രീം കോടതി Crown Aluminium Works v. Their Workmen, AIR 1958 SC 30 എന്ന കേസ്സിൽ പ്രഖ്യാപിച്ചതും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്.

1948 -ലെ വ്യവസായ നയപ്രഖ്യാപനം, അദ്ധ്വാന ഭാരമേറിയ വ്യവസായങ്ങളിൽ (Sweated Industries) മിനിമം വേതനം നിശ്ചയിക്കുന്നതിനും മറ്റ് സംഘടിത വ്യവസായങ്ങളിൽ ഫെയർ വേജസ് കരാറുകൾ പ്രോൽസാഹിപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് മിനിമം വേതന നിയമം പാസ്സാക്കുകയും ന്യായമായ വേതനത്തിന് അടിസ്ഥാനമാക്കേണ്ട തത്വം കണ്ടെത്തുന്നതിനും ഏതു വിധത്തിൽ ഈ തത്വം നടപ്പിലാക്കാമെന്ന് നിർദ്ദേശിക്കുന്നതിനുമായി ഒരു ഫെയർ വേജസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റി വേതനത്തിന്റെ വ്യക്തമായ മൂന്നു തലങ്ങൾ നിർവചിക്കുകയുണ്ടായി – ലിവിംങ്ങ് വേജസ് , ഫെയർ വേജസ്, മിനിമം വേജസ്.

മിനിമം വേതനം എന്നത് വെറും ജീവിതനിലനിൽപ്പ് ഉറപ്പാക്കാൻ മാത്രമല്ല വിദ്യാഭ്യാസവും ചികിൽസാ സൗകര്യങ്ങളും നൽകി തൊഴിലാളികളുടെ കഴിവ് നിലനിർത്തുന്നതിനും കൂടിയുള്ളതാണ്. ഫെയർ വേജസിന്റെ താഴത്തെ തലം മിനിമം വേതനമായിരിക്കണമെന്നും മേലേതലം വ്യവസായത്തിന്റെ വേതനം നൽകുന്നതിനുള്ള ശേഷിയായിരിക്കണമെന്നും ഈ രണ്ട് തലങ്ങൾക്കിടയിലാണ് യഥാർത്ഥ വേതനമെന്നും (ഫെയർ വേജസ്) കമ്മിറ്റി വിലയിരുത്തുകയുണ്ടായി. താഴെ പറയുന്ന ഘടകങ്ങളെ ആശ്രയിച്ചായിരിക്കണം ഫെയർ വേജസ് നിർണ്ണയിക്കേണ്ടതെന്നും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(1) തൊഴിലാളികളുടെ ഉൽപാദനക്ഷമത
(2) അതേ തൊഴിലിലോ, സമാനതൊഴിലുകളിലോ, അതേ പ്രദേശത്തോ, അയൽ പ്രദേശങ്ങളിലോ നിലനിൽക്കുന്ന കൂലി നിരക്കുകൾ
(3) ദേശീയ വരുമാനത്തിന്റെ പരിധിയും അതിന്റെ വിതരണവും
(4) രാജ്യത്തിന്റെ സമ്പത്തിൽ വ്യവസായത്തിന്റെ സ്ഥാനം

ഒരു സാഹചര്യത്തിലും ഫെയർ വേജസ് മിനിമം വേതനത്തെക്കാൾ കുറയാൻ പാടില്ലായെന്നും കമ്മിറ്റിയിലെ അംഗങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.

ജസ്റ്റിസ് ദാസ്ഗുപ്തയുടെ അഭിപ്രായത്തിൽ ഫെയർ വേജസ് മിനിമം വേതനത്തിനു മുകളിലാണെന്നും, ഒരു വേതനമെന്ന നിലയിൽ ഏതാണ്ട് ആവശ്യാതിഷ്ഠിത മിനിമമെന്ന് പറയാവുന്നതും ഒരു പരിഷ്കൃത സമൂഹത്തിൽ ഒരു മനുഷ്യനെന്ന നിലയിൽ ഒരു ശരാശരി തൊഴിലാളിക്ക് തന്റെ സാധാരണ ആവശ്യങ്ങൾ നിർവഹിക്കാൻ പര്യാപ്തമായതുമായ വേതനമെന്നുമാണ്.

Kamani Metals & Alloys Ltd. v. Their Workmen (1967) II LLJ 55 എന്ന കേസ്സിന്റെ പരിഗണനവേളയിൽ ജസ്റ്റിസ് ഹിദായത്തുള്ള പറഞ്ഞത് ഫെയർ വേജസ് എന്നത്, ഏതു സാഹചര്യത്തിലും നൽകേണ്ടതായ മിനിമം വേതനത്തിനും ലക്ഷ്യമാക്കുന്ന ലിവിങ്ങ് വേതനത്തിനുമിടയിലാണ് എന്നാണ്.

ഒരു തൊഴിലാളിക്ക് സമൂഹത്തിലെ തന്റെ പദവിക്കനുസരിച്ച് ഒരു സ്റ്റാൻഡേർഡ് കുടുംബത്തിന് ആഹാരം , പാർപ്പിടം, വസ്ത്രം, ചികിൽസാ സൗകര്യം കുട്ടികളുടെ വിദ്യാഭ്യാസം എന്നിവ നൽകുന്നതിന് അയാളെ സഹായിക്കുന്നതിന് പര്യാപ്തമായ ഒരു നിരക്ക് ഉൾപ്പെട്ടതും എന്നാൽ പ്രസ്തുത വിഭാഗം സ്ഥാപനങ്ങളുടെ വേതനം നൽകുന്നതിലുള്ള ശേഷിയിൽ കൂടാത്തതുമായ ഒരു നിരക്കാണ് ഇവിടെ ലക്ഷ്യമാ

ക്കുന്നത്.

ഫെയർ വേജസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ 1940 –ൽ ഒരു ബിൽ അവതരിപ്പിച്ചെങ്കിലും അസംബ്ലി പിരിച്ചുവിട്ടതു കാരണം ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. എങ്കിലും, പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു പറഞ്ഞു, "ത്രികക്ഷി സമിതി നിർദ്ദേശിക്കപ്പെട്ട ന്യായമായ വേതനം തത്വത്തിൽ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്." എന്നാൽ പ്രസ്തുത ബിൽ പിന്നീട് പാർലമെന്റിൽ പരിഗണിക്കുകയുണ്ടായില്ല. എന്നിരുന്നാലും, ഭരണഘടന തയാറാക്കുന്ന വേളയിൽ, തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ലഭ്യമാക്കണമെന്ന് നിർദ്ദേശക തത്വത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. സർക്കാരിന്റെ പരിരക്ഷയോ സബ്സിഡിയോ ലഭിക്കുന്ന വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് ന്യായമായ വേതനവും പരിഗണനയും നിർദ്ദേശിക്കുന്ന ഒരു പ്രമേയം 1938– ൽ കേന്ദ്ര ലെജിസ്ലേറ്റീവ് അസംബ്ലിയിൽ പാസ്സാക്കിയെങ്കിലും അതിന്റെ നടപ്പിലാക്കൽ മാറ്റിവയ്ക്കപ്പെട്ടു.

ഉപജീവനക്ഷമമായ വേതനം ഒരു ഉയർന്ന വേതന പരിധിയെയാണ് പ്രതിനിധാനം ചെയ്യുന്നുവെന്നതിനാൽ ഒരു രാജ്യത്തിന്റെ സമ്പത്ത് വേണ്ടുവോളം വർദ്ധിച്ചിരിക്കുമ്പാൾ തൊഴിലുടമയ്ക്ക് തന്റെ തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കാൻ കഴിയുകയും ചെയ്യുമ്പോൾ ഒരു പരിഷ്കൃത സമൂഹത്തിൽ ജീവിക്കുന്ന ഒരു പൗരന് ആവശ്യമായ എല്ലാ സുഖസൗകര്യങ്ങളും ഉൾപ്പെടുന്ന ഒരു ഉയർന്ന വേതനത്തെയാണ് ഉപജീവനക്ഷമമായ വേതനം പ്രതിനിധാനം ചെയ്യുന്നത്.

സംസ്ഥാനത്ത് എൺപതിലധികം തൊഴിലുകളിൽ മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ട്. ഇനിയും വളരെയധികം തൊഴിലുകളിൽ കൂലി നിശ്ചയിക്കേണ്ടതായിട്ടുമുണ്ട്. മോട്ടോർ വാഹന വ്യവസായത്തിൽ മാത്രമാണിപ്പോൾ ന്യായമായ വേതനം (Fair Wages) നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, വ്യത്യസ്ത വേതന സംവിധാനങ്ങളെക്കുറിച്ച് അജ്ഞരായവിധത്തിൽ അശാസ്ത്രീയമായ രീതിയാണ് ഇന്നും വേതന നിർണയ കാര്യത്തിൽ അവലംബിച്ചുവരുന്നത്. കാലാകാലങ്ങളിൽ മിനിമം കൂലി വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും നിലവിലുള്ള തൊഴിലുകളിൽ ഫെയർ വേജസ് നൽകാൻ പ്രാപ്തമായ തൊഴിലുകളുണ്ടോയെന്ന് പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഫെയർ വേജസ് നിർണ്ണയിക്കുന്നതിനോ ഏതെങ്കിലും വ്യവസായത്തിൽ അന്തർദേശീയ കൺവെൻഷനുകളും, ഇന്ത്യൻ ഭരണഘടനയും, നീതിന്യായ സംവിധാനങ്ങളും വിഭാവനം ചെയ്യുന്നതരത്തിൽ ലക്ഷ്യമാക്കുന്ന ഉൽപാദനക്ഷമമായ വേതനം ഉറപ്പാക്കാൻ കഴിയുമോയെന്നും



കണ്ടെത്താനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.

ഒരിക്കലും തൊഴിലുടമകൾ സ്വമേധയാ ഈ ലക്ഷ്യത്തിലേയ്ക്ക് നയിക്കുമെന്ന് പ്രതീക്ഷിക്കണ്ട. ഇത്തരമൊരു ആവശ്യം തൊഴിലാളികളുടെ ഭാഗത്തുനിന്നുപോലും ഉയർന്നിട്ടില്ലായെന്നതാണ് ആശ്ചര്യകരമായ കാര്യം. എന്നാൽ, ആവശ്യമുന്നയിക്കുന്നതിനുമുമ്പായി തൊഴിലാളികളും തൊഴിലാളി സംഘടനകളും ഒരു സ്വയം വിലയിരുത്തലിന് വിധേയരാകേണ്ടതുണ്ട്. ഉൽപാദനക്ഷമതയ്ക്കെതിരെ മുഖം തിരിച്ചു നിൽക്കുന്ന സമീപനം ഒരിക്കലും ന്യായമായ വേതനത്തിനോ, അന്തിമലക്ഷ്യമായ ഉപജീവനക്ഷമമായ വേതനത്തിനോ തൊഴിലാളികൾക്ക് അർഹതനേടികൊടുക്കുമെന്ന് കരുതേണ്ടെന്നുമാത്രമല്ല, ഈ ലക്ഷ്യത്തിലേയ്ക്കെത്താമെന്നത് ഒരു വ്യാമോഹമായി അവശേഷിപ്പിക്കുകയും ചെയ്യും.

രാജ്യം പുരോഗതിയിലേയ്ക്ക് കുതിക്കുമ്പോൾ തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പാക്കുകയെന്നത് സമൂഹത്തിന്റെ ബാദ്ധ്യതയായി കണക്കാക്കി നാം ഓരോരുത്തരും പ്രവർത്തിക്കേണ്ടയാവശ്യവും ഇവിടെ പ്രത്യേകം എടുത്തു പറയുന്നു.



**കെ. ദിലീപ്കുമാർ**
ഫെലോ (ലേബർ), കിലെ

# ബാലവേല (നിരോധനവും നിയന്ത്രണവും) ഭേദഗതി നിയമം, 2016 - ഒരെത്തിനോട്ടം



'ബാലവേല' ഇന്ത്യയുടെ ഒരു ശാപമാണ്. നമുക്ക്, പരിഷ്കൃത കാലത്ത് ലജ്ജിച്ച് തലതാഴ്ത്തി നില്ക്കേണ്ട അവസ്ഥ! സ്വാതന്ത്ര്യം കിട്ടി ഇക്കാലമത്രയും കഴിഞ്ഞെങ്കിലും ഇന്ത്യയിലെ ഭൂരിപക്ഷത്തിന്റേയും സാമൂഹ്യ, സാമ്പത്തികസ്ഥിതി ദയനീയമാണെന്ന് സ്ഥിതിവിവരകണക്കുകൾ പറയുന്നു. അതുതന്നെയാണ് ബാലവേലയുടെ കാരണവും. കുടുംബം പുലരണമെങ്കിൽ കുട്ടികൾ പണിയെടുക്കണം. ഇന്ത്യയിലെ ദശലക്ഷകണക്കിന് കുടംബങ്ങൾ പുലരുന്നത് കുഞ്ഞുങ്ങളുടെ അഹോരാത്രമുള്ള കഠിനാദ്ധ്വാനം കൊണ്ടാണ്. ശൈശവത്തിൽതന്നെ വാർദ്ധക്യം ബാധിച്ച് രോഗികളായിതീരുന്ന കുഞ്ഞുങ്ങൾ ഇന്ത്യയുടെ ഒരുദയനീയ ചിത്രം തന്നെയാണ് കാഴ്ചവയ്ക്കുന്നത്. ഇളം ശരീരം കൊണ്ടുള്ള അതികഠിനാദ്ധ്വാനത്തിന് പ്രതിഫലമായി ലഭിക്കുന്ന തുച്ഛമായ കൂലികൊണ്ട് കുടുംബത്തിലേക്ക് അന്നം വാങ്ങുന്ന ഈ പൂമ്പാറ്റകൾക്ക് അടിമത്വത്തിൽ നിന്നും പൂർണമായി മോചനം നല്കാൻ നമ്മൾക്ക് ഇനിയും കഴിയില്ലേ? പൂമ്പാറ്റകൾ ഈയാം

പാറ്റകളായിതീരുമോ?

മനുഷ്യന്റെ സുരക്ഷിതമായ ആരോഗ്യാവസ്ഥയ്ക്ക് അവന്റെ ബാല്യം വളരെ പ്രധാനപ്പെട്ടതാണ്. പാട്ട് പാടിയും കളിച്ചും, ചിരിച്ചും വളരേണ്ട ശൈശവം വാർദ്ധക്യമായിതീരുമ്പോൾ ഇന്ത്യയുടെ യുവത്വം എന്താകുമെന്ന് എങ്ങനെ പറയാൻ കഴിയും? എന്തായാലും 2001–ൽ നിന്നും 2011 ലേക്ക് എത്തുമ്പോൾ ബാലവേലയിൽ ഏർപ്പെടുന്ന കട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന കണക്കുകൾ ആശ്വാസത്തിനു വക നൽകുന്നു.

സ്വാതന്ത്ര്യം കിട്ടി മൂന്നര പതിറ്റാണ്ടിനു ശേഷം മാത്രമാണ് നമ്മൾ കുട്ടികളുടെ അടിമപ്പണിയെക്കുറിച്ച് ചിന്തിച്ചത്. 1979 ൽ അന്ന് പാർലമെന്റ് അംഗമായിരുന്ന ശ്രീ. ഗുരുപാദസ്വാമിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും കമ്മിറ്റി പഠനം നടത്തുകയും ചെയ്തു. പട്ടിണിയും സാമൂഹികാരക്ഷിതത്വവും നിലനിൽക്കുന്ന പട്ടികജാതി, പട്ടിക വർഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളാണ് ബാലവേലയ്ക്ക് നിർബന്ധിതരാകുന്നത്. ദാരിദ്ര്യം ഉള്ളിടത്തോളം കാലം ബാലവേല പൂർണമായി നിരോധിക്കാൻ കഴിയില്ലെന്നും അപകടകരമായ തൊഴിലെടുക്കുന്നതിൽ നിന്നും കുട്ടികളെ വിലക്കുകയോ നിയന്ത്രിക്കുകയോ മാത്രമേ സാധിക്കൂവെന്നും കമ്മിറ്റി കണ്ടെത്തുകയുണ്ടായി. കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986 – ൽ നിലവിൽ വന്നു.

പതിനാനാലു വയസ്സ് പൂർത്തിയാകാത്ത കുട്ടികളെ അപകടകരമായ തൊഴിൽ ചെയ്യുന്നതിൽനിന്നും നിയമം വിലക്കുന്നു. ഇപ്പോൾ വന്നിട്ടുള്ള ബാലവേല (നിരോധനവും നിയന്ത്രണവും) ഭേദഗതി നിയമം 2016 – ൽ പതിനാലു വയസ്സ് തികയാത്ത കുട്ടികളെ എല്ലാത്തരം ജോലികളിൽ നിന്നും പൂർണമായും വിലക്കുന്നു. എന്നാൽ കുടുംബ ബിസ്സിനസ്സിൽ (കുട്ടികളെകൊണ്ട് പണിയെടുപ്പിക്കുന്നതിന്) സഹായിക്കുന്നതിന് കുട്ടികളെ ഉപയോഗിക്കുന്നതിന് ഈ വിലക്ക് ബാധകമല്ല. സ്കൂൾ സമയം കഴിഞ്ഞോ അവധിക്കാലത്തോ വീട്ടിൽ രക്ഷിതാക്കളെ സഹായിക്കുന്നതിന് കുട്ടികളെ ഏർപ്പെടുത്താമെന്നും ഭേദഗതി വരുത്തിയിട്ടുണ്ട്. സിനിമാ പരസ്യങ്ങൾ, ടെലിവിഷൻ മേഖല എന്നിവയിലും വിലക്കില്ല. പുതിയ നിയമത്തിൽ 14 വയസ്സു മുതൽ 18 വയസ്സുവരെ പ്രായമുള്ളവരെ അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജോലികളും ഖനികളിലെ ജോലികളും ചെയ്യുന്നതിനും ഫാക്ടറി നിയമത്തിൽ പറയുന്ന അപകടകരമായ ജോലികളും ചെയ്യുന്നതിനെ വിലക്കുന്നു.

1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിൽ വരുത്തിയിട്ടുള്ള 2016 –ലെ ഭേദഗതി കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകളും വ്യക്തികളും എതിർത്തിട്ടുണ്ട്. 'കുടുംബ ബിസ്സിനസ്സിൽ' കുട്ടികളെ ഏർപ്പെടുത്താമെന്ന വ്യവസ്ഥ കുട്ടികളുടെ അവകാശങ്ങൾ കവർന്നെടുക്കുമെന്ന് ഇവർ ഭയപ്പെടുന്നു. സൗജന്യവും നിർബന്ധിതവുമായും വിദ്യാഭ്യാസം ചെയ്യാൻ ഭരണഘടന നൽകിയിട്ടുള്ള കുട്ടികളുടെ അവകാശത്തെ നിഷേധിക്കലാണെന്നും അവർ സമർത്ഥിക്കുന്നു. കുടുംബ ബിസ്സിനസ്സ് എന്താണെന്ന് വ്യക്തമായി നിർവചിക്കേണ്ടതാണ്. അപകടകരമായ തൊഴിലുകളെന്നത് കേവലം മൂന്നു മേഖലയിലേക്ക് മാത്രമായി ചുരുക്കിയത് ആശങ്കയ്ക്ക് ഇടവരുത്തുന്നതായി ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ പറയുന്നു. ശിക്ഷ വർദ്ധിപ്പിച്ചത് കൊണ്ട് കുട്ടികളെ അടിമപ്പണി ചെയ്യുന്നതിൽ നിന്നും എത്രത്തോളം മോചിപ്പിക്കാൻ കഴിയുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. 2016 ലെ ഭേദഗതി നാം ഇതുവരെ നേടിയെടുത്ത അവസ്ഥ പിന്നോട്ടടിക്കുമോയെന്ന് ശങ്കിക്കുന്നവരുമുണ്ട്. ഒരു ഭരണപക്ഷ നേതാവ് പറഞ്ഞത് നമ്മൾ കുട്ടികളുടെ കൈകളിൽ കാണാനാഗ്രഹിക്കുന്നത് പുസ്തകങ്ങളാണ് അല്ലാതെ ചൂലോ പണിയായുധങ്ങളോ അല്ല എന്നാണ്.

കുട്ടികൾ വളരട്ടെ, കുട്ടികൾ പഠിക്കട്ടെ, നമുക്ക് അവരെ കാത്തു സൂക്ഷിക്കാം!!.





**വിജയ് വിൽസ്**
ഫെലോ (എംപ്ലോയ്മെന്റ്), കിലെ

# എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ




ലക്ഷകണക്കിന് തൊഴിൽ രഹിതരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഒരു ജോലിക്കായി കാത്തിരിക്കുന്നത്. എല്ലാവർക്കും സർക്കാർ ജോലി എന്നത് ഒരു മരീചിക മാത്രമാണ്. ഈ സാഹചര്യത്തിൽ, കഴിവും കാര്യപ്രാപ്തിയുമുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ പദ്ധതികളിലൂടെ ജീവിതം കരുപിടിപ്പിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് നൂതനമായ മൂന്ന് പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

1) **'കെസ്റു 99': കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയ്ഡ്–1999**
2) **മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്**
3) **ശരണ്യാ അശരണ വനിതകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതി**

ഈ പദ്ധതികളുടെ പ്രധാന ആകർഷണീയത, ഉയർന്ന സബ്സിഡി, ലഘുവായ നടപടിക്രമങ്ങൾ, ഇടനിലക്കാരില്ലാത്ത പ്രവർത്തനം, സൗജന്യ സംരംഭകത്വ പരിശീലനം, വകുപ്പിന്റെ കൈത്താങ്ങൽ, സൗജന്യ സേവനം എന്നിവയൊക്കെയാണ്.

സ്വയം തൊഴിൽ കണ്ടെത്തിയവരെ തുടർന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയപ്പെടുന്ന സ്ഥിരം ഒഴിവുകളിലേക്ക് നിയമാനുസൃതം പരിഗണിക്കുന്നതാണ്.

## 1. 'കെസ്റു 99':

**കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയ്ഡ്–1999 പദ്ധതി**

ഈ വ്യക്തിഗത ലോൺ പദ്ധതി 30.03.1999 ലെ 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നു.

ഈ പദ്ധതിയിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ പരമാവധി 1,00,000/– (ഒരു ലക്ഷം) രൂപ വരെ വായ്പ നൽകുന്നു.

അനുവദിക്കുന്ന തുകയുടെ 20% തുക (പരമാവധി 20,000/ രൂപ വരെ) സബ്സിഡിയായി നൽകുന്നു.

**അർഹത**

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുളളതും, വാർഷിക കുടുംബവരുമാനം 40,000/-രൂപ യിൽ താഴെയുള്ളതും, 21-നും 50-നും ഇടയ്ക്ക് പ്രായമുളളതുമായ ഏതൊരു വ്യക്തിക്കും ഈ പദ്ധതിയിൽ അപേക്ഷ നൽകാവുന്നതാണ്.

25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുളളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) മുൻഗണന നൽകുന്നതാണ്. വിദ്യാർത്ഥികൾ ഈ പദ്ധതിയിലേക്കപേക്ഷിക്കാൻ പാടുള്ളതല്ല.

**നടത്തിപ്പ്**

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുളള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷാഫാറം, പ്രോജക്ട് റിപ്പോർട്ടും, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റും സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കേണ്ടതാണ്. ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പ്രാഥമിക പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുളള ജില്ലാ കമ്മിറ്റി മുൻപാകെ വയ്ക്കുകയും സാദ്ധ്യമായവ ധന കാര്യ സ്ഥാപനത്തിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു.

## 2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് :

**പദ്ധതി**

29.10.2007 ലെ ജി.ഒ.(പി)143/07/ തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയം തൊഴിൽ പദ്ധതി നിലവിൽ വന്നത്.

കേരളത്തിലെ തൊഴിൽ രഹിതർക്ക് വേണ്ടി വകുപ്പ് നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ രഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

രണ്ടു മുതൽ അഞ്ചംഗങ്ങൾ വരെയുള്ള ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും പദ്ധതി ചെലവിന്റെ 25% തുക സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വായ്പത്തുക യുടെ 10% ഓരോ അംഗങ്ങളും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കേണ്ടതാണ്.

**അർഹത**

അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കണം. വാർഷിക കുടുംബ വരുമാനം 50,000 രൂപയിൽ കവിയാൻ പാടില്ല. (കുടുംബ വരുമാനം എന്നുദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുളള അംഗങ്ങളുടെ ആകെ വരുമാനമാണ്). അപേക്ഷകർ 21 നും 40 നും മദ്ധ്യേ പ്രായമുള്ള വരായിരിക്കണം. മറ്റു പിന്നാക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.

ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോംനേഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബ്ബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളു.

പ്രൊഫഷണൽ / സാങ്കേതിക യോഗ്യതയുളളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ, സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന 'പ്രവൃത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ്' കരസ്ഥമാക്കിയിട്ടുള്ളവർക്കും, സംസ്ഥാന ഐ.റ്റി.ഐ., ഐ.റ്റി.സി, പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ് സെറ്റ്



എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും മുൻഗണന നൽകുന്നതാണ്.

**നടത്തിപ്പ്**

എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഇതിനായുള്ള അപേക്ഷ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കു ശേഷം ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച്, അംഗീകരിച്ച അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നു.

## 3. ശരണ്യ: അശരണ വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

**പദ്ധതി**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 നു മേൽ പ്രായമുള്ള അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, വികലാംഗർ, ഭർത്താവ് നിത്യ രോഗികളും, ശയ്യാവലംബരായുള്ളവരും എന്നീ വിഭാഗം വനിതകൾക്കായുള്ള പുതിയ സ്വയം തൊഴിൽ പദ്ധതിയാണിത്.

ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ വരെയാണ് വായ്പ അനുവദിക്കുന്നത്. വായ്പ തുകയുടെ 50% (പരമാവധി 25,000/-) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതുമാണ്. സബ്സിഡി കിഴിച്ചുള്ള വായ്പാ തുക 60 ഗഡുക്കളായി തിരികെ അടയ്ക്കേണ്ടതാണ്.

ഈ പദ്ധതി കീഴിൽ സംയുക്ത സംരംഭങ്ങളും അരംഭിക്കാവുന്നതാണ്.

**അർഹത**

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാത്തതും 18 നും 55 നും മദ്ധ്യേ പ്രായമുള്ളതുമായ (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.



ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക ഒഴിവുകൾക്കും സ്ഥിരം ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്.

**നടത്തിപ്പ്**

പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കേതാണ്. ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പ്രാഥമിക പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പദ്ധതിയ്ക്കായി ജില്ലാ കളക്ടർ ചെയർമാനായി രൂപം നൽകിയിട്ടുള്ള ജില്ലാ കമ്മിറ്റി മുൻപാകെ വയ്ക്കുകയും ജില്ലാ കമ്മിറ്റി ഉദ്യോഗാർത്ഥിയെ കൂടിക്കാഴ്ചയ്ക്ക് വിളിച്ച് അപേക്ഷയിൽ തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു.

അപേക്ഷ പാസാക്കിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം ആർ.എസ്.ഇ.റ്റി.ഐ കൾ വഴി നൽകിയതിന് ശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. വായ്പ തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ ബന്ധപ്പെട്ട ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നടത്താവുന്നതാണ്.

അനേകം പേർ ഈ സ്വയം തൊഴിൽ പദ്ധതികളിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമാറാകട്ടെ.



# കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ബാധകമാകുന്ന പ്രധാന തൊഴിൽ നിയമങ്ങൾ

വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് ഒരു തൊഴിലിൽ അല്ലെങ്കിൽ സ്ഥാപനത്തിൽ ഏതൊക്കെ തൊഴിൽ നിയമങ്ങളാണ് ബാധകമാകുന്നുവെന്ന് കണ്ടെത്തുന്നത്. സാധാരണഗതിയിൽ തൊഴിലാളികളുടെ എണ്ണവും തൊഴിലിനേയും ആശ്രയിച്ചാണ് ഇക്കാര്യത്തിൽ തീരുമാനത്തിലെത്തുന്നത്. വിവിധ ഘടകങ്ങളെ ആശ്രയിച്ച് കടകളിലും വാണിജ്യസ്ഥാപനങ്ങളിലും താഴെ പറയുന്ന തൊഴിൽ നിയമങ്ങൾ ബാധകമാകുന്നതാണ്.

1. 1960 ലെ കടകളും വാണിജ്യസ്ഥാപനങ്ങളും നിയമം
2. 1948 ലെ മിനിമം കൂലി നിയമം
3. 1936 ലെ വേതനം നൽകൽ നിയമം
4. 1961 ലെ പ്രസവാനുകൂല്യ നിയമം (ഒരു സ്ത്രീയെങ്കിലും പണിയെടുക്കുന്നുവെങ്കിൽ)
5. 1976 ലെ തുല്യവേതന നിയമം
6. 1986 ലെ ബാലതൊഴിലാളി നിയമം
7. 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം
8. 1926 ലെ ട്രേഡ് യൂണിയൻ നിയമം
9. 1970 ലെ കരാർ തൊഴിലാളി നിയമം
10. 1947 ലെ തൊഴിൽ തർക്ക നിയമം
11. 1946 ലെ സ്റ്റാൻഡിംഗ് ഓർഡേഴ്സ് നിയമം
12. 1965 ലെ ബോണസ് നൽകൽ നിയമം
13. 1948 ലെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് നിയമം
14. 1952 ലെ പ്രോവിഡന്റ് ഫണ്ട് നിയമം
15. 1972 ലെ ഗ്രാറ്റ്വിറ്റി കൊടുക്കൽ നിയമം
16. 1988 ലെ തൊഴിൽ നിയമ രജിസ്റ്ററുകളും റെക്കാർഡുകളും സൂക്ഷിക്കുന്നതിൽ നിന്നും സ്ഥാപനങ്ങളെ ഒഴിവാക്കൽ നിയമം
17. 1958 ലെ വ്യവസായ സ്ഥാപന (ദേശീയ, ഉത്സവാവധി) നിയമം
18. 1972 ലെ ഉപജീവന ബത്ത നിയമം
19. 1978 ലെ ചുമട്ട് തൊഴിലാളി നിയമം
20. 1989 ലെ കേരള കാഷ്വൽ, ടെംമ്പററി, ബദലി തൊഴിലാളി (വേതന) നിയമം
21. 2006 ലെ പീടികതൊഴിലാളി ക്ഷേമനിധി നിയമം തുടങ്ങിയവ

# 1960 ലെ കടകളും വാണിജ്യസ്ഥാപനങ്ങളും നിയമപ്രകാരമുള്ള സേവനങ്ങളും അധികാരികളും

| ക്രമ നമ്പർ | സേവനങ്ങൾ | അധികാരികൾ |
|---|---|---|
| 1 | • സ്ഥാപനത്തിന്റെ രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കലും<br>• രജിസ്ട്രേഷൻ അപേക്ഷയിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലും ഭേദഗതി വരുത്തൽ<br>• ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ<br>• ഫീസുകളുടെ തിരിച്ചു നൽകൽ<br>• നിയമ വ്യവസ്ഥകളുടെ ലംഘനങ്ങളെപ്പറ്റിയുള്ള പരാതികൾ (ഓവർടൈം വേതനം, അവധി ശമ്പളം, വിശ്രമസമയം, ആഴ്ചയിലെ അവധി, ജോലി സമയം തുടങ്ങിയവ)<br>• സ്ഥാപനങ്ങളുടെ പരിശോധന സംബന്ധിച്ച ആവശ്യം<br>• രജിസ്റ്ററുകളും റെക്കാർഡുകളും സൂക്ഷിക്കാത്തത് സംബന്ധിച്ച പരാതി<br>• വാർഷിക റിട്ടേണുകളുടെ സമർപ്പണം<br>• സ്ഥാപനം അടയ്ക്കുന്നതും തുറക്കുന്നതും സംബന്ധിച്ച പരാതികൾ<br>• അവധി ശമ്പളം ഈടാക്കി നൽകുന്നതിനുള്ള പരാതി | അസിസ്റ്റന്റ് ലേബർ ആഫീസർ (ഗ്രേഡ്-2) |
| 2 | സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകാതിരിക്കൽ / പുതുക്കി നൽകാതിരിക്കൽ, റദ്ദ് ചെയ്യൽ / തടഞ്ഞുവയ്ക്കൽ തുടങ്ങിയവ സംബന്ധിച്ച അപ്പീൽ | ജില്ലാ ലേബർ ആഫീസർ |
| 3 | സ്ഥാപനങ്ങളുടെ അവധികൾ ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച (അദ്ധ്യായം -3) അപേക്ഷകൾ | ലേബർ കമ്മീഷണർ |
| 4 | തൊഴിലാളിയെ പിരിച്ചുവിട്ടത് സംബന്ധിച്ച അപ്പീൽ | ഡെപ്യൂട്ടി ലേബർ കമ്മീഷണർ |
| 5 | അദ്ധ്യായം - 6 ( ആരോഗ്യവും സുരക്ഷയും) പ്രകാരം ഇൻസ്പെക്ടർ നൽകുന്ന ഉത്തരവിനെതിരെയുള്ള അപ്പീൽ | ലേബർ കമ്മീഷണർ |
| 6 | ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന ഫാറങ്ങൾക്ക് പകരം ഫാറങ്ങൾ ഉപയോഗിക്കുന്നതിനുള്ള അനുവാദം | ലേബർ കമ്മീഷണർ അല്ലെങ്കിൽ ജില്ലാ ലേബർ ആഫീസർ |
| 7 | സ്ഥാപനങ്ങൾ അടയ്ക്കുന്നതും തുറക്കുന്നതും സംബന്ധിച്ച വ്യവസ്ഥകളിൽ ഒഴിവ് വാങ്ങുന്നതിന് | ജില്ലാ ലേബർ ആഫീസർ |

| | | |
|---|---|---|
| 8 | • ഒഴിവാക്കപ്പെട്ട വ്യക്തികളിലേക്കും , സ്ഥാപനങ്ങളിലേക്കും നിയമപരിധി നീട്ടുന്നത് സംബന്ധിച്ചുള്ള അപേക്ഷ<br>• ഒഴിവാക്കപ്പെട്ട വ്യക്തികളേയും സ്ഥാപനങ്ങളെയും സംബന്ധിച്ച വിജ്ഞാനങ്ങൾ ഭേദഗതി വരുത്തലും റദ്ദ്ചെയ്യലും<br>• ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും നിയമ വ്യവസ്ഥകളിൽ നിന്നുള്ള താൽക്കാലിക ഒഴിവാക്കൽ<br>• നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകളിൽ നിന്നോ , വ്യവസ്ഥകൾ ഒന്നാകയോ സ്ഥിരമായോ താൽക്കാലികമായോ ഒഴിവാക്കുന്നത് സംബന്ധിച്ച അപേക്ഷകൾ<br>• സ്ഥാപനങ്ങൾ ആഴ്ചയിലൊരിക്കൽ അടയ്ക്കുന്നത് സംബന്ധിച്ചതും ആഴ്ചയിലെ അവധി ദിവസം സംബന്ധിച്ചതുമായ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷ<br>• സ്ത്രീകളേയും കുട്ടികളേയും ജോലിചെയ്യിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷ<br>• ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും നിയമ വ്യവസ്ഥകൾ തടഞ്ഞുവയ്ക്കുന്നത് സംബന്ധിച്ച അപേക്ഷ<br>• അവധി സംബന്ധിച്ച വ്യവസ്ഥകൾ പ്രത്യേക വിഭാഗങ്ങളിലേക്കും, സ്ഥലങ്ങളിലേക്കും ബാധകമാക്കുന്നത് സംബന്ധിച്ച അപേക്ഷ<br>• അദ്ധ്യായം-3 ലെ ഏതെങ്കിലും വ്യവസ്ഥകളിൽ നിന്നോ എല്ലാ വ്യവസ്ഥകളിൽ നിന്നുമോ (അവധി) ഒഴിവാക്കുന്നതിനുള്ള അപേക്ഷ<br>• ചട്ടങ്ങൾ തയാറാക്കൽ | തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

## കിലേയ്ക്ക് 2016-2017 ലും 2.8 കോടി രൂപ ബഡ്ജറ്റ് വിഹിതം

കിലേയ്ക്ക് 2016 – 2017 സാമ്പത്തിക വർഷത്തിലും പദ്ധതി നടത്തിപ്പുകൾക്കായി 2.8 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിയ്ക്കും. ഇത് കിലെയുടെ പ്രവർത്തനമികവിന് അംഗീകാരമായി കാണുന്നുവെന്ന് കിലെ എക്സിക്യൂട്ടീവ് കൗൺസിൽ വിലയിരുത്തി.

## തൊഴിൽ നിയമങ്ങൾ അനായസമായി നിങ്ങൾക്കും പഠിക്കാം

കിലെ ന്യൂസിന്റെ ഓരോ ലക്കത്തിലും ഈ പംക്തിയിലൂടെ ഓരോ തൊഴിൽ നിയമങ്ങൾ ഞങ്ങൾ നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു. എളുപ്പത്തിൽ മനസ്സിലാകതക്കവണ്ണം തൊഴിൽ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകൾ ഈ പംക്തിയിലൂടെ അനായാസം നിങ്ങൾക്ക് പഠിക്കാൻ കഴിയും.

കാത്തിരിക്കുക!

# വിവിധ നിയമങ്ങൾ / ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ / രജിസ്ട്രേഷൻ പുതുക്കൽ / ലൈസൻസ് / ലൈസൻസ് പുതുക്കൽ / എന്നിവയുടെ പുതുക്കിയ നിരക്കുകൾ ചുവടെ ചേർക്കുന്നു.

**1) കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ചട്ടങ്ങൾ, 2013**
(G.O.(P) No. 86/2013/LBR Dated 16.07.2013)

| ക്രമ നം. | തൊഴിലാളികളുടെ എണ്ണം | രജിസ്ട്രേഷൻ / പുതുക്കൽ ഫീസ് (രൂപ) |
|---|---|---|
| (എ) | തൊഴിലാളികൾ ഇല്ലെങ്കിൽ | 50 |
| (ബി) | അഞ്ചുവരെ തൊഴിലാളികൾ ഉണ്ടെങ്കിൽ | 100 |
| (സി) | ആറു മുതൽ പത്തുവരെ തൊഴിലാളികൾ | 200 |
| (ഡി) | പതിനൊന്നു മുതൽ ഇരുപതുവരെ തൊഴിലാളികൾ | 400 |
| (ഇ) | ഇരുപത്തി ഒന്നു മുതൽ മുപ്പതുവരെ തൊഴിലാളികൾ | 600 |
| (എഫ്) | മുപ്പത്തി ഒന്നു മുതൽ അൻപതുവരെ തൊഴിലാളികൾ | 1000 |
| (ജി) | അൻപത്തി ഒന്നു മുതൽ 100 വരെ തൊഴിലാളികൾ | 2000 |
| (എച്ച്) | 100 നു മുകളിൽ തൊഴിലാളികൾ | 4000 |

**2) (എ) കേരള കോൺട്രാക്ട് (നിയന്ത്രണവും, നിരോധനവും (ഭേദഗതി) ചട്ടങ്ങൾ, 2013**
(G.O.(P) No. 85/2013/LBR Dated 16.07.2013)

| ക്രമ നം. | കരാർ തൊഴിലാളികളുടെ എണ്ണം | സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ / പുതുക്കൽ ഫീസ് (രൂപ) |
|---|---|---|
| (എ) | 20 മുതൽ 50 വരെ തൊഴിലാളികൾ | 2000 |
| (ബി) | 50 നു മേൽ 100 വരെ തൊഴിലാളികൾ | 3000 |
| (സി) | 100 നു മേൽ 200 വരെ തൊഴിലാളികൾ | 4500 |
| (ഡി) | 200 നു മേൽ 300 വരെ തൊഴിലാളികൾ | 6000 |
| (ഇ) | 300 നു മേൽ 500 വരെ തൊഴിലാളികൾ | 10000 |
| (എഫ്) | 500 നു മേൽ തൊഴിലാളികൾ | 15000 |

**(ബി) കോൺട്രാക്ട് ലേബർ ലൈസൻസിനുള്ള ഫീസ് നിരക്കുകൾ**

| | | |
|---|---|---|
| (എ) | 20 നു മേൽ 50 വരെ തൊഴിലാളികൾ | 1500 |
| (ബി) | 50 നു മേൽ 100 വരെ തൊഴിലാളികൾ | 2500 |
| (സി) | 100 നു മേൽ 200 വരെ തൊഴിലാളികൾ | 4000 |

**3) കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് (ഭേദഗതി) ചട്ടങ്ങൾ, 2013**
(G.O.(P) No. 84/2013/LBR Dated 16.07.2013)

| ക്രമ നം. | കരാർ തൊഴിലാളികളുടെ എണ്ണം | രജിസ്ട്രേഷൻ / പുതുക്കൽ ഫീസ് (രൂപ) |
|---|---|---|
| (എ) | 5 വരെ തൊഴിലാളികൾ | 500 |
| (ബി) | 6 മുതൽ 10 വരെ തൊഴിലാളികൾ | 750 |
| (സി) | 11 മുതൽ 20 വരെ തൊഴിലാളികൾ | 1000 |
| (ഡി) | 21 മുതൽ 30 വരെ തൊഴിലാളികൾ | 2500 |
| (ഇ) | 31 മുതൽ 40 വരെ തൊഴിലാളികൾ | 3000 |
| (എഫ്) | 41 മുതൽ 50 വരെ തൊഴിലാളികൾ | 4500 |
| (ജി) | 51 മുതൽ 75 വരെ തൊഴിലാളികൾ | 2000 |
| (എച്ച്) | 76 മുതൽ 100 വരെ തൊഴിലാളികൾ | 7500 |
| (ഐ) | 101 മുതൽ 200 വരെ തൊഴിലാളികൾ | 10000 |
| (ജെ) | 201 മുതൽ 500 വരെ തൊഴിലാളികൾ | 15000 |
| (കെ) | 501 മുതൽ 750 വരെ തൊഴിലാളികൾ | 25000 |
| (എൽ) | 751 മുതൽ 1000 വരെ തൊഴിലാളികൾ | 30000 |
| (എം) | 1001 നു മുകളിൽ തൊഴിലാളികൾ | 50000 |

**4) കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് (തൊഴിൽ വ്യവസ്ഥകൾ) ഭേദഗതി ചട്ടങ്ങൾ, 2013**
(G.O.(P) No. 87/2013/LBR Dated 16.07.2013)

| ക്രമ നം. | കരാർ തൊഴിലാളികളുടെ എണ്ണം | മെഷിനറി ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ | മെഷിനറി ഉപയോഗിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|
| (എ) | 10 വരെ തൊഴിലാളികൾ | 100 | 50 |
| (ബി) | 11 മുതൽ 20 വരെ തൊഴിലാളികൾ | 150 | 100 |
| (സി) | 21 മുതൽ 50 വരെ തൊഴിലാളികൾ | 200 | 150 |
| (ഡി) | 51 മുതൽ 100 വരെ തൊഴിലാളികൾ | 750 | 600 |
| (ഇ) | 101 മുതൽ 250 വരെ തൊഴിലാളികൾ | 2000 | 1500 |
| (എഫ്) | 250 നു മേൽ തൊഴിലാളികൾ | 3000 | 2500 |

**5) കേരള പ്ലാന്റേഷൻ ലേബർ (ഭേദഗതി) ചട്ടങ്ങൾ, 2013**
(G.O.(P) No. 88/2013/LBR Dated 16.07.2013)

| | | |
|---|---|---|
| (എ) | 5 ഹെക്ടർ വരെ | ഫീസ് ഇല്ല |
| (ബി) | 5 ഹെക്ടർ മുതൽ 10 ഹെക്ടർ വരെ | 200 |
| (സി) | 11 ഹെക്ടർ മുതൽ 25 ഹെക്ടർ വരെ | 300 |
| (ഡി) | 26 ഹെക്ടർ മുതൽ 50 ഹെക്ടർ വരെ | 500 |
| (ഇ) | 51 ഹെക്ടർ മുതൽ 100 ഹെക്ടർ വരെ | 1000 |
| (എഫ്) | 101 ഹെക്ടർ മുതൽ 200 ഹെക്ടർ വരെ | 2000 |
| (ജി) | 201 ഹെക്ടർ മുതൽ 500 ഹെക്ടർ വരെ | 4000 |

| | | |
|---|---|---|
| (എച്ച്) | 501 ഹെക്ടർ മുതൽ 1000 ഹെക്ടർ വരെ | 6000 |
| (ഐ) | 1000 നു മേൽ | 10000 |

**6) കേരള ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥയും) ഭേദഗതി ചട്ടങ്ങൾ, 2013**

(G.O.(P) No. 89/2013/LBR Dated 16.07.2013)

**എ) രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ**

| | | |
|---|---|---|
| (എ) | 5 മുതൽ 20 വരെ തൊഴിലാളികൾ | 100 |
| (ബി) | 20 മുതൽ 50 വരെ തൊഴിലാളികൾ | 150 |
| (സി) | 50 മുതൽ 100 വരെ തൊഴിലാളികൾ | 300 |
| (ഡി) | 100 മുതൽ 200 വരെ തൊഴിലാളികൾ | 500 |
| (ഇ) | 200 മുതൽ 400 വരെ തൊഴിലാളികൾ | 1000 |
| (എഫ്) | 400 നു മേൽ തൊഴിലാളികൾ | 1200 |

**ബി) ലൈസൻസ് ഫീസ് / മറ്റു നിരക്കുകൾ**

| | | |
|---|---|---|
| (എ) | 5 മുതൽ 20 വരെ തൊഴിലാളികൾ | 30 |
| (ബി) | 20 മുതൽ 50 വരെ തൊഴിലാളികൾ | 50 |
| (സി) | 50 മുതൽ 100 വരെ തൊഴിലാളികൾ | 100 |
| (ഡി) | 100 മുതൽ 200 വരെ തൊഴിലാളികൾ | 200 |
| (ഇ) | 200 മുതൽ 400 വരെ തൊഴിലാളികൾ | 400 |
| (എഫ്) | 400 നു മേൽ തൊഴിലാളികൾ | 500 |
| (ജി) | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് | 50 |
| (എച്ച്) | സെക്യൂരിറ്റി ഡെപ്പോസിറ്റ് (ഒരു തൊഴിലാളിക്ക്) | 2000 |
| (ഐ) | ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് | 50 |

**7) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) കേരള (ഭേദഗതി) ചട്ടങ്ങൾ, 2013**

(G.O.(P) No. 90/2013/LBR Dated 16.07.2013)

| | | |
|---|---|---|
| (എ) | 50 തൊഴിലാളികളിൽ താഴെ | 1000 |
| (ബി) | 50 മുതൽ 100 വരെ തൊഴിലാളികൾ | 2500 |
| (സി) | 100 നു മേൽ 250 വരെ തൊഴിലാളികൾ | 5000 |
| (ഡി) | 250 നു മേൽ 500 വരെ തൊഴിലാളികൾ | 10000 |
| (ഇ) | 500 നു മേൽ | 20000 |

**8) കേരള ട്രേഡ് യൂണിയൻസ് (ഭേദഗതി) റഗുലേഷൻസ്, 2013**

(G.O.(P) No. 83/2013/LBR Dated 16.07.2013)

| | | |
|---|---|---|
| (1) | യൂണിയൻ രജിസ്ട്രേഷൻ ഫീസ് | 1000 |
| (2) | ബൈലോ ഭേദഗതിക്ക് | 250 |
| (3) | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് | 1000 |






# നവീകരിച്ച ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി ഉദ്ഘാടനം ചെയ്തു



തൊഴിൽജന്യ രോഗങ്ങൾ നിർണയിക്കുന്നുതിന് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം ആശ്രാമത്തെ ഒക്കുപേഷണൽ ഹെൽത്ത് ആൻഡ് റിസർച്ച് സെന്ററിൽ സജ്ജീകരിച്ച ആധുനിക ലബോറട്ടറി തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ടി. പി. രാമകൃഷ്ണൻ 2016 ആഗസ്റ്റ് 23 ന് നിർവഹിച്ചു. തൊഴിൽജന്യ രോഗങ്ങൾ നിയന്ത്രിക്കാൻ തൊഴിൽശാലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ വ്യാപിപ്പിക്കുമെന്ന് തദവസരത്തിൽ അദ്ദേഹം പറഞ്ഞു.




എം. മുകേഷ്, എം.എൽ.എ അധ്യക്ഷനായിരുന്ന ചടങ്ങിൽ കൊല്ലം മേയർ വി. രാജേന്ദ്രബാബു, കെ.പി. രാമചന്ദ്രൻ നായർ, കെ. ജയചന്ദ്രൻ, പി. പ്രമോദ്, ഡോ. റൂബൻ സി. സിറിൾ എന്നിവർ സംസാരിച്ചു.

ക്രഷർ ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികളിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ തൊഴിൽജന്യ രോഗനിർണയ സർവേയുടെ റിപ്പോർട്ട് ചടങ്ങിൽ ഡോ. റൂബൻ സി. സിറിൾ മന്ത്രിക്ക് കൈമാറി.

# കിലെയുടെ പ്രധാന പരിപാടികൾ

## തൊഴിലാളിസംഘടന പ്രതിനിധികൾക്കായുള്ള നേതൃത്വവികസന പരിശീലന പരിപാടി

### കോഴിക്കോട് ജില്ല



കിലെയുടെ പ്രവർത്തന മേഖലയിലെ പ്രധാന പരിപാടികളിലൊന്നാണ് തൊഴിലാളി സംഘടനകൾക്കായി സംഘടിപ്പിക്കുന്ന നേതൃത്വ വികസന പരിപാടികൾ. ഇത് വിവിധ തൊഴിൽ മേഖലകൾക്കായും സ്ത്രീകൾക്ക് പ്രത്യേകമായും ജില്ലകൾതോറും സംഘടിപ്പിക്കാറുണ്ട്. ഇത്തരമൊരു ശില്പശാല 2016 ജൂലൈ 19, 20 തീയതികളിൽ കോഴിക്കോട് മലാപറമ്പ സോഷ്യോറിലീജിയസ് സെന്റർ ക്രൈസ്റ്റ്ഹാളിൽ സംഘടിപ്പിക്കുകയുണ്ടായി. കിലെ സീനിയർ ഫെലോ കിരൺ. ജെ. എൻ. ന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പാറശ്ശേരി പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കിലെ ഫെലോ, (എംപ്ലോയ്മെന്റ്) വിജയ് വിൽസ് സ്വാഗതം ആശംസിച്ചു.



റിട്ടയേർഡ് കോഴിക്കോട് റീജണൽ ജോയിന്റ് ലേബർ കമ്മിഷണർ ഇ. വേണു തൊഴിൽ നിയമങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

# തൊഴിൽജന്യ രോഗങ്ങളും പരിഹാര മാർഗ്ഗങ്ങളും



തൊഴിൽജന്യ രോഗങ്ങൾ വ്യാപകമായികൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇതിനെതിരെ തൊഴിലാളികളേയും തൊഴിലാളി സംഘടനകളേയും ബോധവന്മാരാക്കുകയും ഇതിനെതിരെ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി പരിചയപ്പെടുത്തുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടി കിലെ ആരംഭിച്ചിട്ടുള്ള പുതിയൊരു പരിശീലന പരിപാടിയാണ് തൊഴിൽ ജന്യ രോഗങ്ങളും പരിഹാര മാർഗ്ഗങ്ങളും. മിക്ക വ്യവസായങ്ങളിലും തൊഴിൽജന്യ രോഗങ്ങൾ വ്യാപകമാകുന്നുവെങ്കിലും കൂടുതലായി തൊഴിൽജന്യ രോഗങ്ങൾ കാണപ്പെടുന്ന വ്യവസായങ്ങളിലാണ് ആദ്യമായി കിലെ ഈ പരിപാടി ആരംഭിച്ചിട്ടുള്ളത്. കശുവണ്ടി വ്യവസായത്തിൽ ഇതിനകം തന്നെ ഒരു പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞു. കൂടാതെ, 2016 ജൂലൈ 21 ന് കണ്ണൂർ പഞ്ചായത്ത് അസ്സോസിയേഷൻ ഹാളിൽവച്ച് പ്രസ്തുത വിഷയത്തിൽ ഒരു പരിശീലന പരിപാടിയും സംഘടിപ്പിച്ചിരുന്നു. കൈത്തറിവ്യവസായത്തിനു പ്രാധാന്യം നൽകി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ തൊഴിൽ മേഖലയിലുള്ള തൊഴിലാളികളും തൊഴിലാളി സംഘടനാ പ്രതിനിധികളും പങ്കെടുത്തിരുന്നു. കയർ, വിവരസാങ്കേതികം, അച്ചടി, പെയിന്റിംഗ്, മത്സ്യസംസ്ക്കരണം തുടങ്ങിയ വ്യവസായങ്ങളിലും സമാനമായ പരിശീലന പരിപാടികൾ കിലെ ഉദ്ദേശിക്കുന്നുണ്ട്.

കണ്ണൂർ പഞ്ചായത്ത് അസ്സോസിയേഷൻ ഹാളിൽ 2016 ജൂലൈ 21 ന് സംഘടിപ്പിച്ച പരിശീലന പരിപാടി, കിലെ സീനിയർ ഫെലോ കിരൺ. ജെ. എൻ - ന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. പി. ദിവ്യ ഉദ്ഘാടനം നിർവഹിച്ചു. കിലെ ഫെലോ (എംപ്ലായ്മെന്റ്) വിജയ് വിൽസ് സ്വാഗതവും , കണ്ണൂർ ഒന്നാം സർക്കിൾ അസ്സി: ലേബർ ആഫീസർ ജയേഷ് നന്ദിയും രേഖപ്പെടുത്തി.

തൊഴിൽജന്യ രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ പരിയാരം മെഡിക്കൽ കോളേജ് ചെസ്റ്റ് മെഡിസിൻ മേധാവി ഡോ. മുഹമ്മദ് ഷഫീക്ക്, കൈത്തറി മേഖലയിലെ ക്ഷേമ പദ്ധതികൾ എന്ന വിഷയത്തിൽ കണ്ണൂർ ജില്ലാ ലേബർ ആഫീസർ ബേബി കാസ്ട്രോ എന്നിവർ ക്ലാസ്സുകൾ എടുത്തു. കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മിഷണർ ആർ. പ്രമോദ്, അസി: ലേബർ ആഫീസർമാരായ രാമചന്ദ്രൻ, ദിനേഷ് എന്നിവരും പരിപാടിയിൽ പങ്കെടുത്തിരുന്നു. വിവിധ തൊഴിലാളി സംഘടനകളേയും, സ്ഥാപനങ്ങളേയും പ്രതിനിധീകരിച്ച് നൂറിലധികം പേർ പങ്കെടുത്തിരുന്നു.



# മയക്കുമരുന്ന് ദുരുപയോഗവും മദ്യപാനവും



മയക്കുമരുന്ന് ദുരുപയോഗവും മദ്യപാനവും വ്യാപകമായികൊണ്ടിരിക്കുമ്പോൾ ഇതുകൊണ്ടുണ്ടാകുന്ന സാമൂഹിക വിപത്തിനെക്കുറിച്ചും ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും തൊഴിലാളി സമൂഹത്തെ ബോധവാന്മാരാക്കുകയെന്ന ലക്ഷ്യത്തോടെ കിലെ ആരംഭിച്ചിട്ടുള്ള ഒരു പരിപാടിയാണിത്. ജില്ലകൾതോറും നടത്തുവാൻ തീരുമാനിച്ചിട്ടുള്ള പരിപാടിയുടെ രണ്ടാമത് പ്രോഗ്രാം 2016 ജൂലൈ 29 ന് തിരുവനന്തപുരം പി. ഡബ്ല്യു.ഡി. റസ്റ്റ്ഹൗസിൽ സംഘടിപ്പിച്ചു. കിലെ സീനിയർ ഫെലോ കിരൺ. ജെ. എൻ അദ്ധ്യക്ഷനായ ചടങ്ങിൽ തിരുവനന്തപുരം അഡീഷണൽ ജില്ലാ മെഡിക്കൽ ആഫീസർ ഡോ. ജോസ് ഡിക്രൂസ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കിലെ ഫെലോ (ലേബർ) കെ. ദിലീപ്കുമാർ സ്വാഗതവും ഫെലോ (എംപ്ലായ്മെന്റ്) വിജയ് വിൽസ് നന്ദിയും ആശംസിച്ചു.

മയക്കുമരുന്ന് ദുരുപയോഗവും മദ്യപാനവും – ആരോഗ്യ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ തിരുവനന്തപുരം അഡീഷണൽ ജില്ലാ മെഡിക്കൽ ആഫീസർ ഡോ. ജോസ് ഡിക്രൂസും, മയക്കുമരുന്ന് ദുരുപയോഗവും മദ്യപാനവും – ദൂഷ്യവശങ്ങൾ എന്ന വിഷയത്തിൽ കരുണസായി ഡയറക്ടർ ഡോ. മധുജനും ക്ലാസ്സുകൾ കൈകാര്യം ചെയ്തു.



# തൊഴിലാളികൾക്കായുള്ള തൊഴിൽനിയമ പരിശീലനം

## കൊല്ലം ജില്ല



തൊഴിലാളികൾക്കും തൊഴിലാളി സംഘടനകൾക്കും തൊഴിൽ നിയമങ്ങളെ സംബന്ധിച്ച അവബോധം നൽകുന്നതിനായി 2016 ജൂലൈ 26 ന് കൊല്ലം, ചിന്നക്കട ബിഷപ്പ് ജെറോം നഗർ മിനി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടി, കൊല്ലം ജില്ലാ ലേബർ ആഫീസർ കെ. എസ്. സിന്ധു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ലേബർ കമ്മിഷണറും കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സെക്രട്ടറിയുമായ എസ്. തുളസീധരൻ ഉൽഘാടനം നിർവഹിച്ചു. കിലെ ഫെലോ (ലേബർ) കെ. ദിലീപ്കുമാർ സ്വാഗതവും, കൊല്ലം ഒന്നാം സർക്കിൾ അസി: ലേബർ ആഫീസർ എം. ലാൽകുമാർ കൃതജ്ഞതയും ആശംസിച്ചു.

തൊഴിൽ നിയമങ്ങളെ സംബന്ധിച്ച് റിട്ട. ഡെപ്യൂട്ടി ലേബർ കമ്മിഷണർ എൻ. ഓമനക്കുട്ടൻ ക്ലാസ്സെടുത്തു. വിവിധ തൊഴിലാളി സംഘടനകളേയും, സ്ഥാപനങ്ങളേയും പ്രതിനിധീകരിച്ച് നൂറിലധികം പേർ പങ്കെടുത്തു.



# തൊഴിലാളിസംഘടനാ പ്രതിനിധികൾക്കായുള്ള നേതൃത്വവികസന ശില്പശാല

## ആലപ്പുഴ ജില്ല



തൊഴിലാളികൾക്കും തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും നേതൃത്വ വികസനം ലക്ഷ്യമാക്കുന്ന ജില്ലകൾ തോറും സംഘടിപ്പിക്കുന്ന പരിപാടിയുടെ ആലപ്പുഴ ജില്ല പരിപാടി 2016 ആഗസ്റ്റ് 10 ന് ജനറൽ ഹോസ്പിറ്റൽ ജംങ്ഷനിലെ ബ്രദേഴ്സ് ടൂറിസ്റ്റ്ഹോമിൽ സംഘടിപ്പിച്ചു.

ആലപ്പുഴ ജില്ല ലേബർ ആഫീസർ ആർ. ഹരികുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മിഷണർ ഡി. സുരേഷ്കുമാർ ശില്പശാല ഉദ്ഘാടനം ചെയ്തു. കിലെ ഫെലോ (ലേബർ) കെ. ദിലീപ് കുമാർ സ്വാഗതവും ആലപ്പുഴ രണ്ടാം സർക്കിൾ അസി: ലേബർ ആഫീസർ എസ്. ലാൽജി കൃതഞ്ഞ്തയും ആശംസിച്ചു.

തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മിഷണർ ഡി. സുരേഷ്കുമാറും, കോട്ടയം ജില്ലാ ലേബർ ആഫീസർ കെ. എൻ. രമേഷും തൊഴിൽ നിയമങ്ങളെ സംബന്ധിച്ച ക്ലാസ്സുകൾ കൈകാര്യം ചെയ്തു.



# ഒഫിഷ്യൽ കമ്മ്യൂണിക്കേഷൻ ആന്റ് ഇന്റർപേഴ്സണൽ സ്കിൽസ്



എംപ്ലോയ്മെന്റ് വകുപ്പിന്റെ ആവശ്യാർത്ഥം 2016 ആഗസ്റ്റ് 4 മുതൽ 6 വരെ എംപ്ലായ്മെന്റ് വകുപ്പ് ജീവനക്കാർക്കായി ഒഫിഷ്യൽ കമ്മ്യൂണിക്കേഷൻ ആന്റ് ഇന്റർപേഴ്സണൽ സ്കിൽസ് എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി കോവളം കെ. ജെ . ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. കിലെ സീനിയർ ഫെലോ കിരൺ. ജെ. എൻ - ന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ പരിപാടിയുടെ ഉദ്ഘാടനം റിട്ട. ഗവ. അഡീഷണൽ സെക്രട്ടറി ആർ. കെ. ഷിതീഷ് നിർവഹിച്ചു. കിലെ ഫെലോ (എംപ്ലായ്മെന്റ്) വിജയ് വിൽസ് സ്വാഗതം ആശംസിച്ചു.



ഒഫിഷ്യൽ കമ്മ്യൂണിക്കേഷൻ എന്ന വിഷയത്തിൽ റിട്ടയേർഡ് ഗവ. അഡീഷണൽ സെക്രട്ടറി ആർ. കെ. ഷിതീഷും, ലൈഫ് സ്കിൽസ്, ഇന്റർപേഴ്സണൽ സ്ക്കിൽസ് / ടീം വർക്ക് എന്നീ വിഷയങ്ങളിൽ എച്ച്. ആർ. ഡി. പരിശീലകൻ ഡോ. അലൻ തോമസും, ഇംഗ്ലീഷ് ലാംഗ്വേജ് സ്കിൽസ് എന്ന വിഷയത്തിൽ തിരുവനന്തപുരം എം. ജി. കോളേജ് റിട്ടയേർഡ് ഇംഗ്ലീഷ് വകുപ്പ് തലവൻ പ്രൊഫ. ആർ.ഗോപകുമാറും, പബ്ലിക് റിലേഷൻസ് എന്ന വിഷയത്തിൽ എച്ച്. ആർ. ഡി. ദേശിയ പരിശീലകൻ ഡോ. ആർ. പ്രകാശും ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

# കിലെ വിജ്ഞാനരഥം പ്രയാണമാരംഭിച്ചു




ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി കിലെ ആരംഭിച്ച കരിയർ ഗൈഡൻസ് പദ്ധതിയായ വിജ്ഞാനരഥത്തിന്റെ പ്രയാണമാരംഭിച്ചു. ഇതിന്റെ ആദ്യപരിപാടി 2016 ജൂൺ 23, 24 തീയതികളിലായി പൂവാർ ഗവ. ഹൈസ്കൂളിൽ സംഘടിപ്പിച്ചു. നഗരങ്ങളിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭ്യമാകുന്ന കരിയർ സംബന്ധമായ വിവരങ്ങൾ നഗരത്തിനു പുറത്തുള്ളതും ഗ്രാമങ്ങളിലെ കുട്ടികൾക്കും ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് കിലെ ഈ പദ്ധതിയാവിഷ്കരിച്ചിരിക്കുന്നത്. കരിയർ സംബന്ധമായ കാര്യങ്ങളിൽ വിദഗ്ധരെ കൊണ്ട് വിവരം നൽകുന്നതിലുപരി ഇതു സംബന്ധിച്ച പുസ്തകങ്ങളും സൗജന്യമായി വിതരണം ചെയ്തു.




2016 ജൂൺ 23, 24 ന് നടന്ന ആദ്യ പരിപാടി ഹൈസ്കൂൾ പ്രഥമ അദ്ധ്യാപികയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ കെ. എം. ബേബി ഉദ്ഘാടനം നിർവഹിച്ചു. കിലെ ഫെലോ (എംപ്ലോയ്മെന്റ്) വിജയ് വിൽസ് സ്വാഗതം ആശംസിച്ചു. രണ്ട് ബാച്ചുകളിലായി 80 വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.



കെ. ദിലീപ്കുമാർ
ഫെലോ (ലേബർ), കിലെ



# വിശപ്പും നിയമവും



പിന്നെ മാഷെ
നിങ്ങടെ കയ്യീ
നേമോം ചട്ടോം
ഒക്കെ ഒണ്ട്.
പക്ഷേല് അയിന്റെ
കത്ത് ഓന്
കഴിക്കാനകൊണ്ട്
കൊടുക്കാൻ
വല്ലതും
എയുതിവച്ചിട്ടു
ണ്ടോന്ന്
നോക്കീൻ...

ന്യൂ മഹാരാജയിലേക്ക് കയറുമ്പോൾ അയാൾ വിയർത്തുകുളിച്ചിരുന്നു. ഉച്ചവെയിലിന്റെ തീഷ്ണതയിൽ നഗരം ഉരുകി ഒലിക്കുകയാണ്. അയാൾ ജോലി ചെയ്യുന്ന നഗരത്തിലെ ഇടത്തരം ഹോട്ടലാണ് ന്യൂ മഹാരാജ. നഗരത്തിലെ സർക്കാർ ജീവനക്കാരുടെ ഏക ആശ്രയം. ചുരുങ്ങിയ ചെലവിൽ രുചികരമായ ഭക്ഷണം. അതാണ് സർക്കാർ ജീവനക്കാരുടെ അത്താണിയാക്കിയത്. സ്ഥലം മാറ്റം കിട്ടി ജോലിയിൽ പ്രവേശിച്ച ദിവസം സുഹൃത്ത് തന്നേയും കൂട്ടി ഇവിടെയാണ് വന്നത്. രണ്ടാഴ്ച കഴിഞ്ഞ് ഇപ്പോൾ ഇവിടെ വീണ്ടും...

തിരക്കിനിടയിലും ഒരു കസേര ഒഴിഞ്ഞു കിടക്കുന്നതു കണ്ട് അയാൾ അതിൽ ഇരുപ്പുറപ്പിച്ചു. അപ്പോഴാണ് അയാൾ ആ കാഴ്ച കണ്ടത്! തീൻമേശ തുടയ്ക്കുന്ന കുഞ്ഞുകൈകൾ!

ഭക്ഷണം ബാക്കിയാക്കിയ പാത്ര

ങ്ങളുമായി അവൻ അകത്തേയ്ക്കു പോകുമ്പോൾ അയാൾ ഒന്നുകൂടി ശ്രദ്ധിച്ചു നോക്കി...

ഒരു പന്ത്രണ്ടു വയസ്സു വരും!

ഭക്ഷണം കഴിച്ച് ബിൽ തുകയുമായി കാഷ് കൗണ്ടറിൽ എത്തി അയാൾ ഉടമയോടു ചോദിച്ചു.

കുട്ടികളെകൊണ്ട് പണിയെടുപ്പിക്കരുതെന്ന് നിങ്ങൾക്കറിയില്ലെ?

ലേബർ ആഫീസർ പരിശോധനയ്ക്ക് വന്നു കണ്ടാൽ എന്തു ശിക്ഷ കിട്ടുമെന്നറിയാമോ?

മാഷിപ്പം വന്നിട്ട് രണ്ടാഴ്ചയായല്ലേയുള്ളൂ?

അയാൾ അടുത്ത ചോദ്യത്തിലേക്കു കടക്കുന്നതു തടയാനെന്നവണ്ണം ഉടമ സംസാരിച്ചു...

മാഷിനെ ഒന്നു പരിചയപ്പെടണമെന്ന് വിചാരിച്ചിരിക്കയായിരുന്നു.

തന്നെ അയാൾ തിരിച്ചറിഞ്ഞുവോ? - അയാൾ ശങ്കിച്ചു.

ഓനെ, മാഷ് ഒന്ന് നോക്കിയേ...

മുമ്പിരുന്നതുപോലെയാണോ. ഓനിപ്പിഴ്? ആരോടെങ്കിലും ചോയിക്ക്-

മാഷ്ക്കറിയോ... ഓനിവിടെ വരുമ്പം എഴീറ്റിരിക്കാൻ കഴീല്ലാന്ന്!

ഓന് ചോറും പൈസയും കൊടുക്കുന്നുണ്ട് മാഷേ...

വെശക്കുമ്പം ഓനോട് കൈച്ചോളാൻ പറഞ്ഞിട്ടുണ്ട്.

ഓന് ഉപ്പേം ഉമ്മേം ഇല്ല മാഷേ...

ഓന്റെ സങ്കടം കണ്ട് ഒരു ചെങ്ങായി കൂട്ടികൊണ്ടു വന്നതാ.

ഓനെ ഇനി ഉസ്കൂളി ചേർക്കും, ന്റെ പേരക്കുട്ടിന്റെ കൂടെ.

ഒന്നു നിർത്തി, അയാൾ അടുത്തേക്കു വന്നു...

പിന്നെ മാഷെ നിങ്ങടെ കയ്യീ നേമോം ചട്ടോം ഒക്കെ ഒണ്ട്. പക്ഷേല് അയിന്റെകത്ത് ഓന് കഴിക്കാനകൊണ്ട് കൊടുക്കാൻ വല്ലതും എയുതിവച്ചിട്ടുണ്ടോന്ന് നോക്കീൻ...

താൻ ആരാണെന്ന് അയാൾ മലസ്സിലാക്കിയിരിക്കുന്നു. ക്യാഷ് കൗണ്ടറിൽ പൈസ വച്ച് അയാൾ നടന്നു തുടങ്ങി, ഇനിയൊരിക്കലും ന്യൂ മഹാരാജയിലേക്കുവരില്ലെന്ന നിശ്ചയത്തോടെ...

# അറിയുക!!!



സംസ്ഥാനത്തെ സാമൂഹിക സുരക്ഷാപദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിവരുന്നത് തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയാണ്. എന്നാൽ മിക്ക തൊഴിലാളികൾക്കും ഇതിനെ സംബന്ധിച്ച പ്രാഥമിക വിവരംപോലും ഇല്ലായെന്ന ദുഖകരമായ ഞങ്ങളുടെ കണ്ടെത്തലാണ് ഈ പംക്തി തുടങ്ങാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ഈ പംക്തിയിലൂടെ

- തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ ബോർഡുകളേയും, പദ്ധതികളേയും ചെയർമാൻമാരേയും എക്സിക്യൂട്ടീവ് ഡയറക്ടർമാരേയും ഞങ്ങൾ നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു.
- ഓരോ ലക്കത്തിലും ഒരു ക്ഷേമബോർഡു ചെയർമാന്റെ അഭിമുഖവും പ്രസ്തുത ക്ഷേമബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങളും അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും ഉൾപ്പെടുത്തുന്നു.
- ക്ഷേമബോർഡിൽ അംഗമായതിനുശേഷം അംഗത്വം നഷ്ടപ്പെട്ട നിങ്ങളുടെ അംഗത്വം പുനസ്ഥാപിക്കാനുള്ള അവസരം ഞങ്ങൾ ആരാഞ്ഞറിയിക്കുന്നു.
- ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ തടസ്സപ്പെട്ടാൽ ഞങ്ങളെ അറിയിക്കുന്ന പക്ഷം നിങ്ങളെ ഞങ്ങൾ ഈ പംക്തിയിലൂടെ സഹായിക്കാൻ തയാറാകും.
- അങ്ങനെ, നിങ്ങളെ സഹായിക്കാൻ ഞങ്ങൾ നിങ്ങളോടൊപ്പം.




# വിളവെടുപ്പ്



പാട്ടത്തിലുള്ളൊരാപാടത്തിൽ ചേറിലെന്ന -
പ്പനും കൂട്ടരും വിത്തെറിഞ്ഞു
പുലരിയിലൊരു പിടി പഴഞ്ചോറിൽ പശി
മാറ്റിയെന്നപ്പനെന്നും ചേറിലെത്തും
പാടവരമ്പത്തെന്നെയിരുത്തീട്ടപ്പനും
കൂട്ടരും ചേറിലെത്തും
കാളയെപ്പൂട്ടിയാ കലപ്പ വലിച്ചിട്ടിടയ്ക്കിടെ
എന്നിലേക്കോടിയെത്തും
കരുപ്പട്ടി തന്നുടെയൊരു തുണ്ടു തന്നിട്ടെന്ന -
പ്പൻ വീണ്ടും ചേറിലെത്തും
പകലോന്റെപരുവമങ്ങുച്ചയാകുമ്പോൾ
കഞ്ഞീം പുഴുക്കുമായമ്മയെത്തും
പാടവരമ്പത്തച്ഛനുമമ്മയും കുമ്പിളിൽ
കഞ്ഞി തന്നെന്നെയുറക്കും
വിളവെടുപ്പായപ്പോളെത്തിയൊരാളെന്റെ
കൂരയിലൊത്തിരിയകത്തിരുന്നു
പുറത്തേക്കിറങ്ങിയെന്നപ്പനെ കൊണ്ടയാൾ
ദൂരത്തിലേക്കങ്ങു മാറിനിന്നു
പായയിൽ പൊതിഞ്ഞൊരപ്പനുമമ്മയും
പിൻവിളി കേൾക്കാതെ പോയ്മറഞ്ഞു
എൻ പിൻവിളി കേൾക്കാതെയെന്നപ്പനുമമ്മയും
ദൂരത്തിലേക്കങ്ങു പോയ്മറഞ്ഞു
കാലത്തിനൊത്തങ്ങു കരയാതെ നിന്ന ഞാൻ
വിത്തുകൾ പാകുവാൻ പാടങ്ങൾ തേടീല്ല
കാശങ്ങു കൊയ്യുവാനുള്ളോരു കച്ചോടമിട്ടു
ഞാനിന്നോരു കച്ചോടക്കാരനായ്
എന്നുടെ ഭാര്യയുമെന്നുടെമക്കളുമല്ലലി -
ല്ലാതെയങ്ങുണ്ണുന്നുടുക്കുന്നു
വീട്ടിലെൻ മുറിയിലെന്നപ്പനുമമ്മയും
ചില്ലുകൾക്കുള്ളിലും ചിരിച്ചങ്ങിരിക്കുന്നു
ആമോദത്തോടെ ചിരിച്ചങ്ങിരിക്കുന്നു.

## കിലെയുടെ സൗജന്യ പ്രസിദ്ധീകരണങ്ങൾ ലഭിയ്ക്കാൻ



കിലെ പ്രസിദ്ധീകരിച്ച ഞാനും എന്റെ തൊഴിൽ നിയമങ്ങളും ശ്രേണിയിലെ കൈപുസ്തകങ്ങളും ഇനി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ സൗജന്യ പ്രസിദ്ധീകരണങ്ങളും കിലെയുടെ ആഫീസിൽ നിന്നും, തൊഴിൽവകുപ്പിന്റെ പ്രാദേശിക ഓഫീസുകളിൽ നിന്നും നേരിട്ട് ലഭിക്കുന്നതാണ്.

## കിലെ ന്യൂസിലേയ്ക്ക് സൃഷ്ടികൾ ക്ഷണിയ്ക്കുന്നു

കിലെ ന്യൂസിലേയ്ക്ക് പ്രസിദ്ധീകരണത്തിനനുയോജ്യമായ ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, തൊഴിലുമായി ബന്ധപ്പെട്ട അനുഭവകഥകൾ എന്നിവ ക്ഷണിക്കുന്നു. വായിക്കത്തക്കവിധം എഴുതിയതോ, ടൈപ്പ്ചെയ്തതോ ആയ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സൃഷ്ടികൾ ലേഖകന്റെ ഫോൺ നമ്പർ സഹിതമുള്ള പൂർണ്ണ മേൽവിലാസവും ഒരു പാസ്സ്പോർട്ട് സൈസ് ഫോട്ടോയും

**എക്സിക്യൂട്ടീവ് ഡയറക്ടർ,**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ്
എംപ്ലോയ്മെന്റ് (കിലെ), തൊഴിൽ ഭവൻ,
വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം പിൻ - 695033
എന്ന വിലാസത്തിലോ,
kiletvm@gmail.com എന്ന
ഇ-മെയിലിലോഅയയ്ക്കേണ്ടതാണ്.

കവിത

കെ.ജി.മോഹനൻ
മുഖത്തല





# പരദേശി

പരദേശിയായ ഞാൻ പരിതാപമോടെത്തി
പലതൊഴിൽചെയ്തു പശിയടക്കാൻ.
പലരും പലപേരിട്ടെന്നെപ്പരിഹസി-
ച്ചൊരുവേളയാസാമിയെന്നുരച്ചു.
ചിലരെന്നെ ബീഹാറിയെന്നുവിളിക്കവെ
പൊതുവായിഹിന്ദിക്കാരെന്നറിഞ്ഞു.
തൂലികത്തുമ്പിനാൽദേശീയഗാനമുതിർത്ത
മഹാത്മാവിൻ ജന്മനാട്ടിൽ
പിറവിയെടുത്തതിനാലെന്റെ നാടിനെ-
യഭിമാനമോടെഞാനോർത്തിടുന്നു.
ദൈവത്തിൻ സ്വന്തമായുള്ളൊരു നാടിതിൽ
തൊഴിൽചെയ്തുകാലംകഴിക്കുവാനായ്
വന്നെത്തി ഞാനുംസഹകാരികളൊക്കെയും
കേരളമെന്നയീകൊച്ചു നാട്ടിൽ.
മാമലകൾചാഞ്ഞിറങ്ങുന്ന താഴ്‌വാരങ്ങ-
ളാവേശമോടെ ഞാൻ നോക്കി നിന്നു
പച്ചയാം പട്ടുവിരിച്ചൊരാപാടങ്ങ-
ളെൻ നയനങ്ങളിൽ പൂവിരിച്ചു.
കായൽ നിലങ്ങൾ തൻ കാണാപ്പുറങ്ങളിൽ
കാട്ടുതാറാവുകൾ നീന്തിടുമ്പോൾ
കാരിയുംകൂരിയും കൊക്കിലൊതുക്കുവാൻ
നീർകാക്കയൊന്നവിടൂളിയിട്ടു
കാഴ്ചകൾക്കേതുംകുറവില്ലെന്നാകിലും
തൊഴിൽതേടൽമുഖ്യമായേറ്റെടുത്തു.
ഇവിടുത്തെ തൊഴിലിനായ്‌വൈമുഖ്യമുള്ളവ-
രന്യനാട്ടിൽതൊഴിൽ തേടിടുമ്പോൾ
പലപലതൊഴിലുകളനവധിയുണ്ടിവി-
ടതു ചെയ്‌വാൻ ഞങ്ങൾ തികയാതെവന്നു.
വിവിധങ്ങളാംമറുനാട്ടിൽ നിന്നാളുക-
ളനവധിയിന്നാട്ടിലെത്തിടുന്നു.
ഹോട്ടലിന്നുള്ളിലെ പാചകശാലയിൽ
പരദേശിയില്ലാതെ പാടില്ലെന്നായ്
കല്ല്യാണവീട്ടിലെകായ്കറികൂട്ടിനായ്
ഞങ്ങളെല്ലാവരുമെത്തിടുന്നു.
പുത്തനാം പത്തനം കെട്ടിയുയർത്തുവാ-
നെത്തിടേണംഞങ്ങളെന്നുവന്നു
കേരളനാടും നഗരവുംഞങ്ങൾക്കിന്നാ-
ത്മാർത്ഥതയുടെ തേൻ പകർന്നു.
ആരോഗ്യ-പാർപ്പിട പദ്ധതി ഞങ്ങൾക്കായ്
കേരളസർക്കാരൊരുക്കിടുന്നു.
ഞങ്ങൾതൻ രക്ഷയെലാക്കാക്കിയിന്നാട്ടിൽ
നൂതന മാർഗ്ഗങ്ങൾ ചെയ്തിടുന്നു.
ചെന്നായ്ക്കളാംചിലരുണ്ടിന്നുഞങ്ങളി-
ലക്രമ പ്രക്രിയചെയ്തിടുന്നോർ.
ഇവർകാട്ടുംകൊടിയോരപരാധമോർത്തെന്റെ
യുള്ളിലായ്തീമഴ പെയ്തിടുന്നു.
ക്രൂരമാംചെയ്തികൾകാട്ടുമീദുഷ്ടരാം
കാപാലികന്മാരറിവതുണ്ടോ
വീടുപുലർത്തുവാൻ നാടുവിട്ടെത്തുന്ന
സാധുക്കൾ ഞങ്ങൾതൻ ദുർവിധികൾ.

# അറിയാതെ

രഘുനന്ദൻ പോസ്റ്റ്മാനേല്പിച്ച കത്ത് തിരിച്ചും മറിച്ചും നോക്കി. ഈ ഇന്റർനെറ്റ് യുഗത്തിൽ ആരാണ് ഇങ്ങനെയൊരു കത്തയയ്ക്കുക? കത്ത് തുറന്ന് അയാളത് വായിച്ചുതുടങ്ങി.

പ്രിയപ്പെട്ട രഘുവേട്ടാ,

അക്ഷരങ്ങൾക്കിടയിലെ പ്രണയാർദ്രമായ ആ സ്വരം അയാൾക്കരികിലേക്ക് ഒഴുകിയെത്തി. മാലതി!! ഒരു നിമിഷം വിറയാർന്ന കൈത്തടത്തിൽ നിന്നും ആ കടലാസ്സ് കഷണം വഴുതിപോകുന്നതുപോലെ.

ഒരിക്കൽ തന്റെ പ്രാണസഖിയായിരുന്നവൾ. സ്വപ്നങ്ങൾ കൊണ്ട് കൂട്ടുകൂടിയതും, ആശകൾ കൊണ്ട് കൂടൊരുക്കിയതും, എവിടയോ നിന്നെത്തിയ കൊടുങ്കാറ്റിൽപ്പെട്ട് നിലത്തുവീണു ചിതറിയ ജീവിതം ഒരു നിമിഷം മനസ്സിലൂടെ മിന്നിമറഞ്ഞു.

വീണ്ടും ഒരു ദീർഘനിശ്വാസത്തിനൊടുവിൽ വായന തുടർന്നു.

'നന്ദിനിയെ ഇനിയെങ്കിലും കൂട്ടികൊണ്ടു പോകൂ'

വർഷങ്ങൾക്ക് മുൻപ് മാലതി എഴുതിയ കത്തിന്റെ കാര്യം ഓർമ വന്നു.

മാലതി മറ്റൊരു ജീവിതത്തിലേയ്ക്ക് ചേക്കേറിയപ്പോൾ ആശ്വാസം കണ്ടെത്തിയത് കുഞ്ഞനുജത്തി നന്ദിനിയിലായിരുന്നു. പ്രണയനൈരാശ്യം തലയ്ക്ക്പിടിച്ച് നാട്ടുകാരേയും വീട്ടുകാരേയും ചീത്തപറഞ്ഞു നടന്ന ഞാൻ നന്ദിനിയുടെ പ്രണയസാഫല്യത്തിനായി മൗന സമ്മതം മൂളി.

നന്ദിനി നഗരത്തിന്റെ ദത്തുപുത്രിയായപ്പോൾ മാലതി അടുത്തുണ്ടല്ലോ എന്നതായിരുന്നു. പക്ഷേ ആ കാലത്ത് മാലതിയുടെ കത്തുകളിൽ 'നന്ദിനിയെ കൂട്ടിക്കൊണ്ടു പോകൂ' എന്നതു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ആയിടയ്ക്കാണ് അച്ഛനുമമ്മയും യാദൃച്ഛികമായി മരണപ്പെട്ടത്. അവരെ അവസാനമായി ഒന്ന് കാണാൻ തയാറാകാത്ത അനിയത്തികുട്ടിയോട് രോഷവും സങ്കടവും തോന്നി.

നഷ്ടങ്ങൾ ജീവിതത്തിൽ താളക്രമത്തിൽ രാഗം രചിച്ചപ്പോൾ ആകെ ഭ്രാന്ത്പിടിച്ച് പോയി.

വർഷങ്ങൾക്കു ശേഷവും എന്തിനാവും മാലതി ഇതേ ആവശ്യവും പറഞ്ഞ് കത്തയച്ചത്. നാളെ തന്നെപോയി അവളെ കൂട്ടികൊണ്ടുവരണം. ശേഷിച്ച കാലം തറവാട്ടിൽ ജീവിക്കണം.

ഓരോന്നാലോചിച്ച് വരാന്തയിലെ കസേരമേലിരുന്ന് മയങ്ങി.

പെട്ടെന്ന് ഒരു ആംബുലൻസ് വീട്ടുമുറ്റത്ത് വന്നു നിന്നു. വെളുത്ത തുണിക്കെട്ടിൽ പൊതിഞ്ഞ കുഞ്ഞനുജത്തിയുടെ ചേതനയറ്റ ശരീരം ഉമ്മറത്തേക്ക് രണ്ടു പേർ കൊണ്ടുവന്നു കിടത്തി. ആ വിളറിവെളുത്ത മുഖത്തേക്ക് അയാൾ ഒന്നേ നോക്കിയുള്ളൂ.

മാലതിയുടെ വാക്കുകൾ മനസ്സിൽ അലയടിച്ചു 'തെറ്റിപോയല്ലോ രഘുവേട്ടാ...'

## ചോദിക്കൂ, ഞങ്ങൾ പറയാം!



തൊഴിലും തൊഴിൽ നിയമങ്ങളെ സംബന്ധിച്ചും നിങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഞങ്ങൾ ഈ പംക്തിയിലൂടെ മറുപടി പറയുന്നു. തൊഴിലുമായി ബന്ധപ്പെട്ട നിങ്ങളുടെ ചോദ്യങ്ങളും, സംശയങ്ങളും എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലായ്മെന്റ് (കിലെ), തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം- 695033 എന്ന വിലാസത്തിലോ kiletvm@gmail.com എന്ന ഇമെയിലിലോ അയക്കുക.

# യാത്രാമൊഴി

മറഞ്ഞു, കാവ്യസൂര്യനൊരായിരം
തേജസ്സുണർത്തി
രാമച്ച ധൂമമായ്
താൻ പേരുചൊല്ലിവിളിച്ചൊരാ
'ശാന്തി കവാട' പ്പടിയും
കടന്നങ്ങേച്ചക്രവാളച്ചെരുവിലൂടൊരു
വിസ്മൃതമാം സായന്തനത്തിൻ ചുവപ്പിലേയ്ക്ക്
അരിച്ചിറങ്ങും മഞ്ഞിൽ തണുപ്പുമായ്
ഒറ്റയ്ക്ക് പോകാൻ മടിച്ച മകരമേ!
നിനക്ക്, കൂട്ടിനായ് കൈരളിതൻ
പ്രീയമകന്റെ കരങ്ങൾ വേണമായിരുന്നോ?
ആത്മാവിൽ മുട്ടിവിളിച്ച്,
ഹൃദയ ഭാവ രാഗ താള നിശ്വാസങ്ങളെ
പകുത്തു നൽകി
പ്രണയസുഗന്ധിയായ് കൂടെകൂട്ടിയ
പ്രണയിനിയെപ്പോലും തനിച്ചാക്കി
അനശ്വരമാം മരണത്തിനപാരത-
യിലേയ്ക്കൊറ്റയ്ക്കു നടന്നുപോയൊ-
രുറക്കത്തിൽ
ഒരുമാത്രവിറങ്ങലിച്ചു നിന്ന
കൈരളി
ഒരുതുള്ളിക്കണ്ണീരടർന്നുവീണു
എഴുതാനിനിയുണ്ടേറെ -------
പറയാനിനിയുണ്ടേറെ ---------
വിരിയില്ലിനിയൊരുവാക്കുപോലും
ശ്രേഷ്ഠമാം സൃഷ്ടികൾ ജന്മമെടുത്തൊ -
രത്തൂലിക തൻ നാവിനിചലിക്കില്ലൊരിക്കലും
മൺവീണ ശ്രുതിമീട്ടിയുണർത്തി
കൈരളിതൻ ഹൃദയപഥത്തിൽ
മധുരമിയന്നൊരു മലയാള -
കവിതാഗാനശകലത്തിൻ -
വരികൾ പാതിമുറിഞ്ഞുപോയ്
എഴുതിച്ചേർക്കാനാവാത്തവിധം
സ്മരണകൾ ബാക്കിയാക്കി
കാലത്തിൻ ഘടികാര സൂചികളോടൊപ്പം
കടന്നുപോയല്ലോ
സർഗ്ഗസൃഷ്ടികൾ തൻ പ്രീയ ശില്പി!
ഇനിയില്ലൊരു തിരിച്ചുവരവെങ്കിലും
ഒരിക്കലുമങ്ങനെ കരുതുകവയ്യ ----
പ്രീയകവേ! മറക്കുവാൻ കഴിയില്ല
നമ്രമായ് നില്ക്കുന്നു
നിൻ മുന്നിൽ കൈരളി
കേഴുമനവുമായ്
കോടി പ്രണാമങ്ങളോടങ്ങേയ്ക്കു
ഞാൻ യാത്രാമൊഴിയേകട്ടെ.



ചെറുകഥ | അജേഷ് ജയൻ



# നടുവിൽ അയാൾ



## ഒന്ന്

ഹോ, എന്തൊരു തണുപ്പ്

ഒരു ചെറിയ മയക്കത്തിൽ നിന്ന് അയാൾ പെട്ടെന്ന് ഞെട്ടി ഉണർന്നു.

അയാൾ ചുറ്റിനും നോക്കി.

ആൾത്തിരക്കിന്റെ ആഡംബരങ്ങളോ, പ്രകൃതിയുടെ സൗഭാഗ്യങ്ങളോ, ഒന്നും ഇല്ലാത്ത ഭൂരിഭാഗവും ഇരുട്ടിൽ മുങ്ങിക്കിടക്കുന്ന വിജനമായ പ്രദേശം. അയാളുടെ ചുറ്റും കത്തിക്കരിഞ്ഞു യഥാസ്ഥാനത്തു സുഖമായി ഉറങ്ങുന്ന അസ്ഥികൂടങ്ങൾ. അതിനിടയിൽ ഒരു ചിത മാത്രം ഇപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു. ആ കത്തുന്ന ചിതയുടെ പ്രകാശമാണ് അവിടെ ഇരുട്ടിനെ പ്രതിരോധിക്കുന്ന ശക്തി.

ഒരു ദീർഘ നിശ്വാസത്തിനുശേഷം ഒരു ആത്മഗതം പോലെ അയാൾ പറഞ്ഞു.

“ഹോ ഞാൻ ഡ്യൂട്ടിയിലാണ്”

അയാൾ കാലു നീട്ടി വെച്ചിരിക്കുന്ന കസേര കാലുകൊണ്ടു നീക്കി, ഇരിക്കുന്ന കസേരയിൽ നിന്ന് പതുക്കെ എണീറ്റു. എന്നിട്ട് ഇട്ടിരിക്കുന്ന വാച്ചറുടെ യൂണിഫോമിൽ നിന്ന് ബീഡിയും തീപ്പെട്ടിയും എടുത്ത് കത്തിച്ച് വലിക്കുന്നു. ബീഡി തലച്ചോറിന് നൽകിയ മന്ദതയുമായി അയാൾ ആ കത്തുന്ന ചിതയുടെ അടുത്തേക്ക് നടന്നു. രാത്രി വൈകി പോലീസുകാർ കൊണ്ടു വന്ന് ദഹിപ്പിച്ച തികച്ചും അപരിചിതനായ ഒരു മദ്ധ്യവയസ്കൻ ആണ് ആ ചിതയിൽ എരിയുന്ന ശരീരത്തിന്റെ ഉടമ. ആ മദ്ധ്യവയസ്കന്റെ തിരിച്ചറിയാൻ കഴിയാത്ത മുഖവും മാംസം കത്തിയെരിയുന്ന ദുർഗന്ധവുമാണ് അയാളുടെ ഉറക്കം കെടുത്തുന്ന തണുപ്പ്.

അയാൾ ആ ചിതയ്ക്ക് അടുത്ത് എത്തി. അയാളുടെ മുഖത്ത് നല്ല ഭയം പ്രകടമാണ്. ആ ഭയം പെട്ടെന്ന് പൊട്ടി മുളച്ചത് അല്ല. കത്തി അണയുന്ന ഓരോ മൃതദേഹവും അയാൾക്ക് ഭീതിയുണർത്തുന്ന ഓരോ ഓർമ്മയാണ്. അയാൾ മുഴുവൻ ധൈര്യവും സംഭരിച്ച് ആ ചിതയിലേക്ക് നോക്കി.

''അസ്ഥിയുമായി അഗ്നി മൽസരിക്കുന്നു. എപ്പോഴും ജയിക്കുന്ന ഒരു നല്ല യോദ്ധാവിനെപ്പോലെ”

ഒരു നിമിഷം ആ യോദ്ധാവിനെ നോക്കി നിന്ന ശേഷം അയാൾ തിരിഞ്ഞു നടന്നു.

പെട്ടെന്ന്

”ആരോ തന്റെ പിന്നിൽ, ആരുടെയോ ശ്വാസമിടിപ്പ്” അയാൾക്ക് തോന്നി

ഒരു നിമിഷം അയാളുടെ മനസ്സ് മുത്തശ്ശിക്കഥകളിലേക്ക് ഓടി അടുത്തു. എന്നിട്ടും അയാൾ വളരെ പണിപ്പെട്ട് മനസ്സിനെ തിരിച്ചുവിളിച്ചു. സർവ്വശക്തിയും സംഭരിച്ച് അയാൾ തിരിഞ്ഞുനോക്കി.

ഒരു നിമിഷം അയാളുടെ ശ്വാസം നിലച്ചു.

കണ്ണുകളിൽ ഇരുട്ട് കയറി

എല്ലാ ധൈര്യവും ഭാരവും ചോർന്ന് അയാൾ പുറകിലേക്ക് മറിഞ്ഞു വീണു.



"സുമേ മക്കൾ വല്ലതും കഴിച്ചോ..."

ഒരു നിമിഷം നിശബ്ദം

അയാൾ കിടക്കുന്ന കട്ടിലിനു ചുറ്റും നോക്കി. ഒരു മാറ്റവും ഇല്ല. പൊട്ടി തകർന്ന് കിടക്കുന്ന പ്ലാസ്റ്റിക് കസേരകൾ, ചിതലരിച്ച് തുടങ്ങിയ ജനാലകളും വാതിലും എല്ലാം അങ്ങനെ തന്നെയുണ്ട്. ആ വാതിലിനുള്ളിലൂടെ വെളുത്ത് മെലിഞ്ഞ അയാളുടെ ഭാര്യ കടന്നുവന്നു. എന്നിട്ട് പറഞ്ഞു.

"കുട്ടികൾ കഞ്ഞി കുടിച്ചിട്ട് സ്കൂളിൽ പോയി"

ഭാര്യ അയാൾ കിടക്കുന്ന കട്ടിലിൽ ഇരുന്നു. അയാളുടെ നെറ്റിയിൽ തലോടി എന്നിട്ട് ചോദിച്ചു. "നിങ്ങളുടെ പനി പോയോ ?

അയാൾ ഒന്നും മിണ്ടാതെ കണ്ണുകൾ അടച്ചു. ഇതു കണ്ട ഭാര്യ വിഷമത്തോടെ പറഞ്ഞു.

"നിങ്ങൾ ആ പണിക്ക് പോകണ്ട... വല്ലാത്ത പണിയാ, അത്. അയാൾ കണ്ണുകൾ തുറന്ന് ഭാര്യയെ നോക്കി എന്നിട്ട് പറഞ്ഞു

"എല്ലാ തൊഴിലിനും അതിന്റെതായ പ്രശ്നങ്ങളും കഷ്ടപ്പാടുകളും ഉണ്ട്"

ഭാര്യ വിഷമത്തോടെ അയാളെ നോക്കി എന്നിട്ട് പറഞ്ഞു.

"കത്തുന്ന മൃതദേഹത്തിന് ഒറ്റയ്ക്ക് കാവല് നിൽക്കുന്ന നിങ്ങളുടെ പണിയെക്കാൾ പ്രയാസമുള്ള മറ്റൊരു പണിയുണ്ടോ ?

അപ്പോൾ അയാൾ ഒരു ദീർഘനിശ്വാസത്തിനു ശേഷം പറഞ്ഞു. "നിന്നെയും മക്കളെയുംപ്പറ്റി ഓർക്കുമ്പോൾ ഞാൻ അതൊന്നും ചിന്തിക്കാറില്ല"

ഭാര്യ വിഷമത്തോടെ എണീറ്റ് പോകുന്നു. അയാൾ കണ്ണുകൾ അടയ്ക്കുന്നു.

> ഒരു ദീർഘനിശ്വാസത്തിനു ശേഷം പറഞ്ഞു.
>
> "നിന്നെയും മക്കളെയും പ്പറ്റി ഓർക്കുമ്പോൾ ഞാൻ അതൊന്നും ചിന്തിക്കാറില്ല"

## രണ്ട്

അയാൾ സുഖമായി ഉറങ്ങുകയാണ്

കണ്ണ് തുറന്നപ്പോൾ ദാരിദ്ര്യവും കഷ്ടപ്പാടുകളും നിറഞ്ഞ സ്വന്തം വീട്.

ഭാര്യ നെറ്റിയിൽ നനച്ചു വിരിച്ച വെള്ള തുണിയിൽ അയാൾ സാവധാനം തലോടി.

എന്നിട്ട് ഉറക്കെ ചോദിച്ചു

## മൂന്ന്

രാത്രി

കൊടും മഞ്ഞിനെ കീറിമുറിച്ച് ആകാശത്തേക്ക് പറന്ന് ഉയരുന്ന തീ നാളങ്ങൾ, മേഘപടലങ്ങളെപോലും മറച്ചു പിടിക്കുന്ന പുകാവരണങ്ങൾ. പാല പൂത്ത സുഗന്ധത്തെ മറി കടന്നു വരുന്ന ദുർഗന്ധം പരത്തുന്ന തെന്നലുകൾ.

കത്തി എരിയുന്ന മൂന്ന് മനുഷ്യ ശരീരങ്ങൾക്ക് നടുവിൽ അയാൾ ദാരിദ്രവും കഷ്ടപ്പാടും തളർത്താത്ത മനസ്സും അനുഭവങ്ങളും ചിന്തകളും മുറിവേൽപ്പിച്ച ശരീരവുമായി ഒരു നിസ്സഹായനെപ്പോലെ ചിതയിൽ കത്തി എരിയുന്ന ആ ശരീരങ്ങൾക്ക് നടുവിൽ അയാൾ.

## ക്ഷേമ പെൻഷൻ സഹ.ബാങ്ക് വഴി വീട്ടിലെത്തിക്കും



തിരുവനന്തപുരം > ക്ഷേമ പെൻഷനുകൾ സഹകരണ ബാങ്കുകൾ മുഖേന വീടുകളിൽ എത്തിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. സെപ്തംബർവരെയുള്ള പെൻഷൻ കുടിശ്ശിക ഉണ്ട്. ഇത് നൽകാൻ 2,700 കോടി രൂപ വേണം. ഒക്ടോബറിലെ ഉൾപ്പെടെ ഓണത്തിനുമുമ്പ് നൽകാനാണ് തീരുമാനം. ഇതിനായി 3,000 കോടി രൂപ വിനിയോഗിക്കും. പെൻഷൻ വീട്ടിൽ കിട്ടണമെന്നാണ് ഉപയോക്താക്കൾ ആഗ്രഹിക്കുന്നത്. ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളിലെ ബിൽ കലക്ടർമാരെ ഉൾപ്പെടെ ഉപയോഗിച്ച് വീടുകളിലെത്തിക്കാനാണ് പദ്ധതി.

*ദേശാഭിമാനി 11.08.2016*

## ക്ഷേമ പെൻഷൻ സഹകരണ സംഘം വീട്ടിലെത്തിക്കും

### ■ പരീക്ഷണ വിതരണം ഇന്ന് മയ്യനാട്ട്

തിരുവനന്തപുരം: ക്ഷേമ പെൻഷനുകൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ കളക്ഷൻ ഏജന്റുമാരോ ഇതിനായി ചുമതലപ്പെടുത്തിയ ജീവനക്കാരോ വീടുകളിലെത്തിക്കും. ആധാർ കാർഡ് പരിശോധിച്ച് ആളെ ഉറപ്പുവരുത്തിയാവും പെൻഷൻ നൽകുക. 1000 രൂപയാണ് കുറഞ്ഞ പെൻഷൻ. കൊല്ലം ജില്ലയിലെ മയ്യനാട് പഞ്ചായത്തിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള വിതരണം ഇന്നു നടക്കും. 24 മുതൽ സംസ്ഥാനത്തൊട്ടാകെ പെൻഷൻ വിതരണം തുടങ്ങാനാവുമെന്നാണ് പ്രതീക്ഷ.

ഇപ്പോൾ രണ്ടു പെൻഷൻ ലഭിക്കുന്നവർക്ക് ഒരു പെൻഷൻ 1000 രൂപയും, അടുത്ത പെൻഷൻ നിലവിൽ ലഭിക്കുന്ന നിരക്കിലുമായിരിക്കും. വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ ലഭിക്കുന്നവർക്കും ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്കും രണ്ട് പെൻഷന് അർഹതയുണ്ടാവും.

ഓരോ പ്രദേശത്തും പെൻഷൻ വിതരണം ചെയ്യേണ്ട സംഘങ്ങളെ നിശ്ചയിക്കുന്നത് ജില്ലാ സഹകരണ ബാങ്കുകളും സഹകരണ വകുപ്പും ചേർന്നായിരിക്കും. ഏതെങ്കിലും സ്ഥലത്ത് സഹകരണ സംഘം ഇല്ലെങ്കിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ വഴിയോ മറ്റ് വായ്പാ സംഘങ്ങൾ വഴിയോ പെൻഷൻ വിതരണം ചെയ്യാം.

പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സെല്ലാണ് പ്രാഥമിക സഹകരണ സംഘങ്ങളുടെ ജില്ലാ ബാങ്കിലെ അക്കൗണ്ടിലേക്ക് പെൻഷൻ പണം ട്രാൻസ്ഫർ ചെയ്യുക. ഇൻഫർമേഷൻ കേരള മിഷനാണ് സോഫ്ട് വെയർ തയ്യാറാക്കിയത്.

## വിദേശ ജോലി: നൈപുണ്യ വികസന പരിശീലനത്തിന് 50 കേന്ദ്രങ്ങൾ

### ● വിദേശകാര്യ മന്ത്രാലയവും നൈപുണ്യ വികസന മന്ത്രാലയവും കരാർ ഒപ്പിട്ടു

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി ● വിദേശത്തു ജോലി തേടിപ്പോകുന്നവർക്കായി നൈപുണ്യ വികസന പരിശീലനം നൽകാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയവും നൈപുണ്യ വികസന മന്ത്രാലയവും കരാർ ഒപ്പുവച്ചു. പ്രധാനമന്ത്രിയുടെ പ്രവാസി കൗശൽ വികാസ് യോജന പ്രകാരമാണിത്. പ്രശിക്ഷിത് ജായിയേ, സുരക്ഷിത് ജായിയേ (പരിശീലനം നേടി പോവുക, സുരക്ഷിതരായി പോവുക) എന്ന മുദ്രാവാക്യത്തോടെ നടപ്പാക്കുന്ന ഈ പരിപാടി നടപ്പാക്കാൻ രാജ്യത്തെ 50 കേന്ദ്രങ്ങളിൽ സ്കിൽ സെന്ററുകൾ തുറക്കും.

തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ജോലിക്കു പോകുന്നവർക്ക് രാജ്യാന്തര നിലവാരത്തിലുള്ള പരിശീലനമായിരിക്കും ഈ കേന്ദ്രങ്ങളിൽ നൽകുക. കോഴ്സ് പൂർത്തിയാക്കുന്നവർക്കു സർട്ടിഫിക്കറ്റു നൽകും. നാഷനൽ സ്കിൽ ഡവലപ്മെന്റ് കോർപറേഷനാണു പരിശീലന ചുമതല.

വിദേശത്തു ജോലി തേടിപ്പോകുന്ന മിക്കവർക്കും ഇതിനുവേണ്ട നൈപുണ്യമോ നിയമ പരിജ്ഞാനമോ നിയന്ത്രണങ്ങളെക്കുറിച്ചുള്ള അറിവോ ഇല്ലെന്നു കേന്ദ്ര നൈപുണ്യ വികസന മന്ത്രി രാജീവ് പ്രതാപ് റൂഡി ചൂണ്ടിക്കാട്ടി. ഇപ്പോൾ രാജ്യാന്തര തൊഴിൽ വിപണിയിൽ കടുത്ത മൽസരമാണ് നടക്കുന്നത്. ഈ പരിശീലനം വഴി നമ്മുടെ തൊഴിലാളികളുടെ ഉൽപാദന ക്ഷമത വർധിക്കും. ഇന്ത്യയിൽ നിന്നുള്ള തൊഴിലാളികൾക്ക് കൂടുതൽ ആവശ്യക്കാരുമുണ്ടാകുമെന്ന് മന്ത്രി പറഞ്ഞു.

വിവിധ രാജ്യങ്ങളിലെ തൊഴിൽ മേഖലകളെക്കുറിച്ച് രാജ്യാന്തര ഏജൻസി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പരിശീലനത്തിന് രൂപം നൽകിയത്.

വീട്ടു ജോലിക്കാർ, ഡ്രൈവർമാർ തുടങ്ങിയ സാധാരണ ജോലിക്കും പരിശീലനം നൽകും. എന്നാൽ, ഇപ്പോൾ പുതിയ ഒട്ടേറെ മേഖലകളിൽ തൊഴിലാളികളെ ആവശ്യമുണ്ട്. ഡേറ്റാ അനലറ്റിക്സ്, റോബോട്ടിക്സ്, പ്രിസിഷൻ എൻജിനീയറിങ്, ഹോസ്പിറ്റാലിറ്റി, ബ്യൂട്ടി ആൻഡ് വെൽനെസ്, മെഗാട്രോണിക്സ്, ഇലക്ട്രോണിക്സ് തുടങ്ങിയവ ഉദാഹരണമാണ്.

യുഎസ്, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, കാനഡ, ജർമനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുമായി ബന്ധപ്പെട്ടാണ് നൈപുണ്യ പരിശീലനത്തിനുള്ള പരിപാടി തയാറാക്കുന്നത്. എൺപതോളം രാജ്യങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള തൊഴിലാളികൾക്ക് ജോലി സാധ്യതയുണ്ട് എന്നു കണ്ടെത്തിയിട്ടുണ്ട്.

വിദേശകാര്യ മന്ത്രി സുഷമ സ്വരാജിന്റെയും മന്ത്രി രാജീവ് പ്രതാപ് റൂഡിയുടെയും സാന്നിധ്യത്തിൽ വിദേശകാര്യ മന്ത്രാലയം അഡീഷനൽ സെക്രട്ടറി ധ്യാനേശ്വർ എം. മുലായ്, നൈപുണ്യ വികസന മന്ത്രാലയം സീനിയർ ഉപദേഷ്ടാവ് ഡോ. സുനിത ചിബ്ബ എന്നിവരാണു ധാരണാപത്രം ഒപ്പുവച്ചത്.

*മലയാള മനോരമ 03.07.2016*

# കശുവണ്ടിവ്യവസായം സംരക്ഷിക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകി: മുഖ്യമന്ത്രി

ന്യൂഡൽഹി > കശുവണ്ടിവ്യവസായത്തിന്റെ സംരക്ഷണത്തിന് പുനരുദ്ധാരണ, പുനസംഘടനാ പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യം പരിഗണിക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രണ്ടരലക്ഷംപേർക്ക് തൊഴിൽനൽകുന്ന കശുവണ്ടി വ്യവസായം രണ്ടുമൂന്ന് വർഷമായി കടുത്ത പ്രതിസന്ധിയിലാണ്. ഭൂരിപക്ഷം ഫാക്ടറികൾ അടഞ്ഞുകിടക്കുന്നു.

തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് പ്രധാനപ്രശ്നം. തോട്ടണ്ടിഇറക്കുമതിക്ക് കേന്ദ്രം അഞ്ച് ശതമാനം തീരുവ ചുമത്തി. തോട്ടണ്ടി കൃഷിവ്യാപകമായി ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ സംസ്കരണം ആകർഷകമാക്കുകയാണ്. കയറ്റുമതി പ്രോത്സാഹനവും വെട്ടിക്കുറച്ചു. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാർ കശുവണ്ടിവ്യവസായത്തെ രക്ഷിക്കാൻ ഫലപ്രദമായി ഇടപെടണം.

തോട്ടണ്ടിക്കൃഷിക്ക് പ്രോത്സാഹനം നൽകണം. കഴിഞ്ഞവർഷം 5500 കോടി രൂപയുടെ വിദേശനാണ്യമാണ് കശുവണ്ടിപ്പരിപ്പ് കയറ്റുമതി രാജ്യത്തിന് നേടിത്തന്നത്. ടെക്സ്റ്റൈൽസ് മേഖലയ്ക്ക് പ്രഖ്യാപിച്ചതിന് സമാനമായ പുനരുദ്ധാരണ പാക്കേജ് കശുവണ്ടി മേഖലയിലും നടപ്പാക്കണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു–മുഖ്യമന്ത്രി പറഞ്ഞു.

*ദേശാഭിമാനി 30.07.2016*

# ക്ഷേമപെൻഷൻ:70 ശതമാനംപേർക്കും സഹകരണബാങ്കുകൾ വഴിനൽകും

**തിരുവനന്തപുരം:** ക്ഷേമ പെൻഷന് അർഹരായവരിൽ 70 ശതമാനം പേർക്കും പെൻഷൻ തുക സഹകരണ ബാങ്കുകൾവഴി വീടുകളിൽ എത്തിക്കുമെന്ന് ധനമന്ത്രി തോമസ് ഐസക് ഫെയ്സ് ബുക്കിൽ കുറിച്ചു. ബാക്കിയുള്ളവർക്ക് അവരുടെ താത്പര്യപ്രകാരം ബാങ്ക് അക്കൗണ്ടുകൾവഴി പെൻഷൻ നൽകും. ക്ഷേമനിധികളുടെ പെൻഷൻ അവർ നേരിട്ട് വിതരണം ചെയ്യും. മന്ത്രിസഭാ തീരുമാനപ്രകാരമാണ് ഈ നടപടി.

'ട്രഷറി ഓൺലൈൻ' സംവിധാനപ്രകാരം ധനവകുപ്പ് 500 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകും. ഇതിന്റെ എഴുപത് ശതമാനം വിതരണം ചെയ്തു കഴിഞ്ഞാൽ അടുത്ത ഗഡു നൽകും. ജില്ലാ ബാങ്കുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ തിരഞ്ഞെടുത്ത ഒരു പ്രാഥമിക സഹകരണ സംഘത്തിന് ഗഡുക്കളായി പണം കൈമാറും.

ഓരോ പഞ്ചായത്തിലും ഓരോ ഇനം പെൻഷനിലും എത്ര രൂപാവീതം നൽകണം എന്ന പട്ടിക ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) ലഭ്യമാക്കിയിരിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾ തങ്ങളുടെ ബിൽ കളക്ടർമാർവഴിയോ തിരഞ്ഞെടുത്ത കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ വഴിയോ ഗുണഭോക്താക്കൾക്ക് പണം വീടുകളിൽ എത്തിക്കും. വിതരണം നടക്കുന്ന മുറയ്ക്ക് ഇക്കാര്യം ഓൺലൈൻ പെൻഷൻ പട്ടികയിൽ രേഖപ്പെടുത്തും.

ഏത് ഏജൻസിവഴി പെൻഷൻ ലഭിക്കണം എന്നതു സംബന്ധിച്ച കുടുംബശ്രീ സർവേ പൂർത്തിയാകുന്നതോടെ പെൻഷൻ വിതരണം ആരംഭിക്കാനാകും. അതിനുമുമ്പ് കൊല്ലം ജില്ലയിൽ ഏതാനും പഞ്ചായത്തുകളിൽ പരീക്ഷിച്ച് അവസാനരൂപം നൽകുമെന്നും മന്ത്രി വ്യക്തമാക്കി. ഒക്ടോബർ മുതൽ മണിയോഡർ വഴിയും പെൻഷൻ ലഭ്യമാക്കും.

*മാതൃഭൂമി 11.08.2016*

# ആസൂത്രണ ബോർഡ് പുനഃസംഘടിപ്പിച്ചു

## ബി.ഇക്ബാലും കെ.എൻ.ഹരിലാലും അടക്കം ഏഴ് അനൗദ്യോഗിക അംഗങ്ങൾ



ടി.ജയരാമൻ | ആർ.രാമകുമാർ | കെ.എൻ.ഹരിലാൽ | കെ.രവിരാമൻ | ജയൻജോസ് തോമസ് | ബി.ഇക്ബാൽ | ഉദുൽ ഈപ്പൻ

**തിരുവനന്തപുരം:** സംസ്ഥാന ആസൂത്രണ ബോർഡ് പുനഃസംഘടിപ്പിച്ചു.

മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് പ്രൊഫസർ ഡോ. ടി.ജയരാമൻ, സ്കൂൾ ഓഫ് ഡിവലപ്മെന്റ് സ്റ്റഡീസ് പ്രൊഫസർ ആർ.രാമകുമാർ, ഡൽഹി ഐ.ഐ.ടി.യിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ജയൻജോസ് തോമസ്, തിരുവനന്തപുരം സി.ഡി.എസ്. പ്രൊഫസർ കെ.എൻ.ഹരിലാൽ, കേരള സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ. ബി.ഇക്ബാൽ, ന്യൂഡൽഹി നെഹ്റു മെമ്മോറിയൽ നാഷണൽ മ്യൂസിയം സീനിയർ ഫെലോ ഡോ. കെ.രവിരാമൻ, സി.ഡി.എസ്. ഓണററി ഫെലോ ഡോ. ഉദുൽ ഈപ്പൻ എന്നിവരാണ് ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ.

മുഖ്യമന്ത്രി അധ്യക്ഷനായ ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാനായി ഡോ. വി.കെ.രാമചന്ദ്രനെ നേരത്തെ നിയമിച്ചിരുന്നു. ഔദ്യോഗികാംഗങ്ങളായി മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, മാത്യു ടി.തോമസ്, എ.കെ.ശശീന്ദ്രൻ, കടന്നപ്പള്ളി രാമചന്ദ്രൻ, തോമസ് ഐസക് എന്നിവരെയും നിയമിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും ആസൂത്രണ ബോർഡിൽ സ്ഥിരം ക്ഷണിതാക്കളാണ്. ആസൂത്രണ സെക്രട്ടറി മെമ്പർസെക്രട്ടറിയാകും. മന്ത്രിസഭായോഗത്തിനുശേഷം മുഖ്യമന്ത്രി പിണറായി വിജയനാണ് വാർത്താസമ്മേളനത്തിൽ തീരുമാനം അറിയിച്ചത്.

കെ.എൻ.ഹരിലാലും ഉദുൽ ഈപ്പനും കഴിഞ്ഞ വി.എസ്.സർക്കാരിന്റെ കാലത്തും ഡോ. ബി.ഇക്ബാൽ 1996-ലെ നായനാർസർക്കാരിന്റെ കാലത്തും ആസൂത്രണ ബോർഡിൽ അംഗങ്ങളായിരുന്നു.

സെന്റർ ഫോർ ഡിവലപ്മെന്റ് സ്റ്റഡീസിൽ പ്രൊഫസറായ ഹരിലാൽ, കേരളത്തിലെ അറിയപ്പെടുന്ന സാമ്പത്തികവിദഗ്ധനും പ്ലാനിങ് കൺസൾട്ടന്റുമാണ്. സെന്റർ ഫോർ ഡിവലപ്മെന്റ് സ്റ്റഡീസിൽ ഓണററി ഫെലോ ആയ ഉദുൽ ഈപ്പൻ, മുൻ കേന്ദ്ര ആസൂത്രണ കമ്മിഷൻ നിയോഗിച്ച വർക്കിങ് ഗ്രൂപ്പ് ഓഫ് ഫെമിനിസ്റ്റ് ഇക്കണോമിസ്റ്റ്സിൽ അംഗമാണ്. ജൻഡർ പാർക്ക് ബോർഡിലും അംഗം.

സെന്റർ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് സസ്റ്റെയ്നബിലിറ്റി സ്റ്റഡീസ് ചെയർപേഴ്സണാണ് മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിലെ ടി.ജയരാമൻ. അഗ്രിക്കൾച്ചറൽ ഇക്കണോമിക്സിൽ എം.എസ്‌സി. ബിരുദം നേടിയ ആർ.രാമകുമാർ, സ്കൂൾ ഓഫ് ഡിവലപ്മെന്റ് സ്റ്റഡീസിൽ ഡീൻ ആണ്. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പിഎച്ച്.ഡി. നേടി.

ന്യൂഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജയൻജോസ് തോമസ് മുംബൈ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിവലപ്മെന്റ് ആൻഡ് റിസർച്ചിൽനിന്ന് ഡിവലപ്മെന്റ് ഇക്കണോമിക്സിൽ പിഎച്ച്.ഡി. നേടി.

പൊതുജനാരോഗ്യപ്രവർത്തകനും അറിയപ്പെടുന്ന ന്യൂറോ സർജനുമായ ഡോ. ബി.ഇക്ബാൽ, 1996–2000ത്തിൽ ആസൂത്രണ ബോർഡ് അംഗമായിരിക്കെ ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ മുഖ്യപങ്കു വഹിച്ചു.

*മാതൃഭൂമി 11.08.2016*



തൊഴിലാളികൾക്ക് ഓണസമ്മാനം

# കശുവണ്ടി ഫാക്ടറികൾ തുറന്നു

തൊഴിൽസംരംഭകർക്കു പ്രത്യേക സംവിധാനം: മന്ത്രി

മലയാള മനോരമ 11.08.2016

ദേശാഭിമാനി 18.08.2016

## ഉത്സവാന്തരീക്ഷത്തിൽ കശുവണ്ടി ഫാക്ടറികൾ തുറന്നു

മാതൃഭൂമി 18.08.2016

## കശുവണ്ടി ഫാക്ടറികൾ തുറന്നു

■ തൊഴിലാളികൾ ആഹ്ലാദത്തിമിർപ്പിൽ


കേരള കൗമുദി 18.08.2016

# തൊഴിലാളികളുടെ സുഹൃത്ത്

# കിലെ ന്യൂസ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

ത്രൈമാസ പ്രസിദ്ധീകരണം




ലേഖനങ്ങൾ ● കിലെയുടെ പ്രവർത്തന വിവരങ്ങൾ

● നിയമങ്ങളും പദ്ധതികളും

● ചോദ്യോത്തര പംക്തി ● വകുപ്പ് വിവരങ്ങൾ

● കഥകൾ, കവിതകൾ തുടങ്ങി വിവിധ പംക്തികൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
ത്രൈമാസ പ്രസിദ്ധീകരണം

കിലെ ന്യൂസ്

വാല്യം - ഒന്ന്
ലക്കം - ഒന്ന്
ജൂലൈ - സെപ്റ്റംബർ 2016
സ്വകാര്യ വിതരണത്തിന്


# KILE NEWS

A quarterly publication from KILE




A reference journal | Articles on divergent topics

Information on schemes, services, authorities | Activities

Legal updates | Data updates | Special columns etc.etc.


Published by
Executive Director, Kerala Institute of Labour and Employment (KILE), Thozhil Bhavan, Vikas Bhavan P.O., Thiruvananthapuram- 695 033,
website : www.kile.kerala.gov.in, email : kiletvm@gmail.com, Phone: 0471- 2309012, 2307742 Fax: 0471-2308947
Printed at C-apt, Vattiyoorkkavu, Thiruvananthapuram- 13